## കേരള സർക്കാർ

# നവകേരളം കർമപദ്ധതി

## പ്രവർത്തന റിപ്പോർട്ട്

## 2025 മേയ്

# ഉള്ളടക്കം


| | |
|---|---|
| **ഹരിത കേരളം മിഷൻ** | **8** |
| **ലൈഫ് മിഷൻ** | **27** |
| **വിദ്യാകിരണം** | **29** |
| **ആർദ്രം മിഷൻ** | **31** |
| **മോണിറ്ററിങ് & ഇവാല്യുവേഷൻ** | **41** |

## പ്രവർത്തന പുരോഗതി ഒറ്റ നോട്ടത്തിൽ

| പ്രവർത്തനങ്ങൾ | 2021 ഏപ്രിൽ മുതൽ 2025 ഏപ്രിൽ വരെ | 2025 മെയ് | ആകെ |
|---|---|---|---|
| **ജലസംരക്ഷണം പ്രവർത്തനങ്ങൾ** | | | |
| സ്ഥാപിച്ച ജലഗുണനിലവാര നിർണ്ണയ ലാബുകൾ (എണ്ണം) | | | 319 |
| ലാബുകൾ നടത്തിയ പരിശോധനകൾ എണ്ണത്തിൽ | 34,343 | 890 | 35,233 |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ (കി.മി) | 46694 | 2716.8 | 49410.80 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ എണ്ണത്തിൽ | 4013 | 117 | 4130 |
| നിർമ്മിച്ച കുളങ്ങൾ എണ്ണത്തിൽ | 5762 | 85 | 5847 |
| റീചാർജ് ചെയ്ത കിണറുകൾ എണ്ണത്തിൽ | 9939 | 304 | 10243 |
| നിർമ്മിച്ച കിണറുകൾ എണ്ണത്തിൽ | 19192 | 325 | 19517 |
| നിർമ്മിച്ച സ്ഥിര തടയണകൾ എണ്ണത്തിൽ | 837 | 22 | 859 |
| നിർമ്മിച്ച താൽക്കാലിക തടയണകൾ എണ്ണത്തിൽ | 76123 | 2213 | 78336 |
| ജല ബജറ്റിനായി തിരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകൾ (*ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്ത 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | | | 1034 |
| ജല ബജറ്റ് റിപ്പോർട്ട് അവതരണത്തിന് സജ്ജമായിട്ടുള്ള ഗ്രാമപഞ്ചായത്തുകൾ (എണ്ണം) (*ആദ്യ ഘട്ടത്തിൽ പ്രസിദ്ധീകരിച്ച 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | 447 | 17 | 464 |
| ജല ബജറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) (*ആദ്യ ഘട്ടത്തിൽ പ്രസിദ്ധീകരിച്ച 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | 356 | 5 | 361 |
| മാപത്തോൺ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത പഞ്ചായത്തുകൾ | | | 230 |
| മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പഞ്ചായത്തുകൾ | | | 230 |
| മാപത്തോൺ നീർച്ചാൽ പുനരുജ്ജീവനം (കിമീ) | 3556.38 | 295.63 | 3852.0 |
| ജലം പ്രയോജനപ്പെടുത്താൻ ലക്ഷ്യം ഇട്ടിട്ടുള്ള പാറ ക്വാറികളുടെ എണ്ണം. | | | 286 |
| **കാർഷിക പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | |
| **പ്രവർത്തനങ്ങൾ** | **2019 ജൂൺ മുതൽ 2025 ഏപ്രിൽ വരെ** | **2025 മെയ്** | **ആകെ** |
| സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ എണ്ണം | 3666 | 5 | 3671 |
| പച്ചത്തുരുക്കളുടെ ആകെ വിസ്തൃതി (ഏക്കറിൽ) | 1175.09 | 0.82 | 1175.91 |
| തരിശുരഹിത ഗ്രാമം പദ്ധതി - നടത്തുന്ന പഞ്ചായത്തുകൾ | | | 164 |
| തരിശുരഹിത ഗ്രാമമായി പ്രഖ്യാപിച്ച ഗ്രാമപഞ്ചായത്തുകൾ | | | 13 |
| ഹരിതസമൃദ്ധി വാർഡായി തിരഞ്ഞെടുത്ത വാർഡുകൾ | | | 2,422 |
| ഹരിതസമൃദ്ധി വാർഡായി പ്രഖ്യാപിച്ച വാർഡുകൾ | 1187 | 167 | 1354 |
| ദേവഹരിതം കൃഷി നടത്തുന്ന ആരാധനാലയങ്ങൾ | | | 72 |
| സ്ഥാപനതല കൃഷി നടന്നു വരുന്ന സ്ഥാപനങ്ങൾ | | | 66 |
| നെറ്റ് സീറോ കാർബൺ - പ്രവർത്തനങ്ങൾ നടക്കുന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | | | 152 |
| നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങളുടെ സർവ്വേ നടക്കുന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | | | 8 |
| നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങളുടെ സർവ്വേ നടക്കുന്ന സ്ഥാപനങ്ങൾ (Institutions) | | | 54 |

# പ്രവർത്തന റിപ്പോർട്ട്

നവകേരളം കർമപദ്ധതി-II ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തോടെ ഹരിതകേരളം മിഷൻ, ലൈഫ് മിഷൻ, വിദ്യാകിരണം, ആർദ്രം മിഷൻ എന്നിവയുടെ 2025 മേയ് മാസത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയ റിപ്പോർട്ടാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്

# ഹരിത കേരളം മിഷൻ

ഹരിത കേരളം മിഷന്റെ പ്രവർത്തന മേഖലകളിൽ സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മിഷൻ ഏകോപിപ്പിക്കുന്നുണ്ട്. വിവിധ വകുപ്പുകളും ഏജൻസികളും പ്രവർത്തന മേഖലയിലെ വിദഗ്ധരും ചേർന്നാണ് ഇത്തരം പദ്ധതികൾ യാഥാർഥ്യമാക്കുന്നത്. ജനജീവിതത്തിൽ പ്രകടമായ മാറ്റം സൃഷ്ടിക്കുന്നതിനും പ്രാദേശിക തലത്തിൽ വരുമാന വർധനവിനും സഹായകരമായ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

## ഹരിത കേരളം മിഷൻ- പ്രവർത്തനങ്ങൾ

### 1. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് 2050-ൽ കേരളത്തെ നെറ്റ് സീറോ കാർബൺ അവസ്ഥയിൽ എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾക്കായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനത്തു 2023 മേയ് മാസം മുതൽ നടന്നു വരികയാണ്. കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവുകൾ കണ്ടുപിടിച്ച് കാർബൺ തുലിതാവസ്ഥ കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.

ഒരു ജില്ലയിൽ നിന്ന് കുറഞ്ഞത് 5 ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒന്നാം ഘട്ടത്തിൽ 91 ഗ്രാമപഞ്ചായത്തുകളും വടകര നഗരസഭയെയും ചേർത്ത് ആകെ 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കൊയിലാണ്ടി നഗരസഭ ഉൾപ്പെടെ 60 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. എറണാകുളം ജില്ലയിൽ വൈപ്പിൻ പ്രദേശത്ത് ഗോശ്രീ ദ്വീപ് വികസന അതോറിട്ടി (GIDA)യുടെ സഹകരണത്തോടെ 8 ഗ്രാമപഞ്ചായത്തുകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 152 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനു വേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്.

പ്രാരംഭ ശിൽപ്പശാല, സാങ്കേതിക വിദഗ്ധരുടെ (കോർ ഗ്രൂപ്പ്) ശിൽപ്പശാല, കാർബൺ എമിഷൻ കണ്ടുപിടിക്കുന്നതിനുള്ള സർവ്വേ, പരിശീലകരുടെ പരിശീലനം, തദ്ദേശ സ്വയംഭരണ സ്ഥാപനതല ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. കാമ്പയിൻ മാർഗ്ഗരേഖയോടൊപ്പം ഇത്തരം ശിൽപ്പശാല / യോഗങ്ങളിൽ ഉരുത്തിരിഞ്ഞ നിർദേശങ്ങളും ഉൾകൊള്ളിച്ചു നെറ്റ് സീറോ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിവിധ വുകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ ഒരു ആക്ഷൻ പ്ലാനും പ്രവർത്തന കലണ്ടറും തയ്യാറാക്കുകയും ആയതിനു അനുസ്രുതമായ പ്രവർത്തങ്ങൾ നടത്തിവരുന്നു. നെറ്റ് സീറോ ആക്ഷൻ പ്ലാനിലെ പ്രവർത്തനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പ്ലാനിൽ ഉൾകൊള്ളിക്കുവാനുള്ള ഇടപെടലുകളും നടത്തുന്നുണ്ട്. എനർജി മാനേജ്മെന്റ് സെന്ററുമായി യോജിച്ചു ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും, മില്ലറ്റ് മിഷനുമായി ചേർന്നു മില്ലറ്റ് കൃഷി വ്യാപനവും ഇതോടൊപ്പം നടന്നു വരുന്നു.

- ❖ തിരുവനന്തപുരം ജില്ലയിൽ അഞ്ചുതെങ്ങിലുള്ള ശ്രീനാരായണ കോളേജിൽ കാർബൺ എമിഷൻ സർവേയുടെ റിപ്പോർട്ട് അവതരണം നടത്തി. സ്ഥാപനത്തെ നെറ്റ് സീറോ സ്ഥിതിയിൽ എത്തിക്കുന്നതിനുള്ള നിർദേശങ്ങൾ അവതരിപ്പിച്ചു .
- ❖ കൊല്ലം ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിന്റെ രണ്ടാംഘട്ടത്തിൽ ഏറ്റെടുത്ത ഉമ്മന്നൂർ, കുളക്കട ഗ്രാമപഞ്ചായത്തുകളിൽ മേയ് മാസത്തിൽ ശിൽപ്പശാലകൾ

സംഘടിപ്പിച്ചു.

- ❖ കൊല്ലം ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിനിൽ ഉൾപ്പെട്ട 19 തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലും ഹരിത സ്ഥാപന പദവി ലഭിച്ച 165 സ്ഥാപനങ്ങളെയും നെറ്റ് സീറോ പദവിയിലേക്ക് എത്തിക്കുന്നതിനായി മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചുള്ള കാർബൺ എമിഷൻ സർവ്വേ ആരംഭിച്ചു.
- ❖ കൊല്ലം ജില്ലയിൽ നെറ്റ് സീറോ പദവിയിലേക്ക് എത്തിക്കുന്നതിനായി പ്രാരംഭമായി തിരഞ്ഞെടുക്കപ്പെട്ട വനമ്യൂസിയം കുളത്തുപ്പുഴ, FHC കരവാളൂർ, IWDM-K ചടയമംഗലം എന്നീ സ്ഥാപനങ്ങളിലെ കാർബൺ എമിഷൻ സർവ്വേ കണ്ടെത്തലുകളുടെ അവലോകനം സ്റ്റേറ്റ് മിഷന്റെ നേതൃത്വത്തിൽ നടത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങളിൽ തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.
- ❖ പത്തനംതിട്ട ജില്ലയിൽ കുന്നന്താനം ഗ്രാമപഞ്ചായത്തിൽ കോർ കമ്മിറ്റി രൂപീകരിച്ചു. യോഗത്തിൽ നെറ്റ് സീറോ ക്യാമ്പയിൻ തുടർ പ്രവർത്തനങ്ങളെയും അതിനോട് അനുബന്ധിച്ചുള്ള ആപ്പിന്റെ പ്രവർത്തനെ വിവരിക്കുകയും ചെയ്തു. കമ്മറ്റി അംഗങ്ങൾ തരിശു ഭൂമി നേരിട്ട് പോയി വിലയിരിത്തുന്നതിനും തീരുമാനിച്ചു.
- ❖ ഇടുക്കി ജില്ലയിൽ പീരുമേട് ഗ്രാമപഞ്ചായത്തിലെ കുട്ടിക്കാനം മരിയൻ കോളേജിനെ നെറ്റ് സീറോ കാർബൺ ക്യാമ്പസ് ആയി മാറ്റുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു.
- ❖ എറണാകുളം ജില്ലയിലെ അൽ അമീൻ കോളേജിനെ കാർബൺ ന്യൂട്രലാക്കി മാറ്റുന്നത്തിനുള്ള വിവരശേഖരണം ആരംഭിച്ചു.
- ❖ എറണാകുളം ജില്ലയിൽ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിൽ തുരുത്തിക്കര സയൻസ് സെന്ററിന്റെയും തിരുവനന്തപുരം സുസ്ഥിര ഫൗണ്ടേഷൻന്റെയും സഹായത്തോടെ ആരംഭിച്ച LED ക്ലിനിക്കിന്റെ നവകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഉദ്ഘാടനം ചെയ്തു. 16 വാർഡുകളിൽ നിന്നായി 959 കേടായ LED ബൾബുകൾ ഹരിത കർമ്മ സേന മുഖാന്തിരം ശേഖരിച്ചു.
- ❖ തൃശൂർ ജില്ലയിൽ നെറ്റ് സീറോ കാർബൺ കാമ്പയിനിൽ പങ്കാളികളായ സ്ഥാപനങ്ങളുടെ കാർബൺ എമിഷൻ സർവ്വേ വിവരങ്ങൾ വിലയിരുത്തുന്നതിനും പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുമായി നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി ചാലക്കുടി, ജ്യോതി എഞ്ചിനീയറിംഗ് കോളേജ് വെട്ടികാട്ടിരി, ഗവ.പോളിടെക്നിക് കോളേജ് ചേലക്കര, IHRD കോളേജ് പഴയന്നൂർ എന്നിവിടങ്ങളിൽ റിപോർട്ട് അവതരണം നടത്തി തുടർ പ്രവർത്തനങ്ങൾ ചർച്ച ചെയ്തു.
- ❖ തൃശൂർ ജില്ലയിലെ ചേലക്കര പോളിടെക്നിക്കിൽ മാലിന്യ സംസ്ക്കരണം, വൃക്ഷവൽക്കരണം എന്നിവയ്ക്ക് പദ്ധതി തയ്യാറാക്കുവാനും എംപി ഫണ്ടിൽ നിന്നും തുക ലഭ്യമാക്കി സോളാർ സംവിധാനം ഒരുക്കുവാനും തീരുമാനിച്ചു. ജ്യോതി എഞ്ചിനീയറിങ് കോളേജിൽ 40 KW ന്റെ ഒരു സോളാർ പദ്ധതിയും കരിയിലകൾ കമ്പോസ്റ്റ് ആക്കുന്നതിനുള്ള സംവിധാനവും ചെയ്യുന്നതിന് തീരുമാനിച്ചു. നൈപുണ്യ ഇൻസ്റ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി കൊരട്ടിയിൽ പുതുതായി പണിയുന്ന ബ്ലോക്കിൽ സോളാർ സംവിധാനം നടപ്പിലാക്കാനും വൃക്ഷവൽക്കരണ പ്രവർത്തനങ്ങൾ കൂടുതലായി ചെയ്യുവാനും തീരുമാനിച്ചു. വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് ഊർജ്ജ സംരക്ഷണ ക്ലാസ്സ് സംഘടിപ്പിച്ചു.
- ❖ പാലക്കാട് ജില്ലയിൽ ജി.എൽ.പി.എസ് പല്ലാവൂർ സ്കൂളിന്റെയും ഭാരതമാത ആർട്ട്സ് & സയൻസ് കോളേജിന്റെയും, അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെയും അകത്തേത്തറ ക്ഷീരവ്യവസായ സംഘത്തിന്റെയും റിപ്പോർട്ട് അവതരിപ്പിച്ചു. എമിഷൻ കുറയ്ക്കാനുള്ള തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.
- ❖ കോഴിക്കോട് ജില്ലയിൽ നെറ്റ് സീറോ ക്യാമ്പയിൻ ഏറ്റെടുത്ത പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ച സോളാർ പ്ലാന്റ് കുന്ദമംഗലം MLA പി.ടി.എ റഹീം ഉദ്ഘാടനം ചെയ്തു. ജില്ലയിൽ നെറ്റ് സീറോ സ്ഥാപന സർവ്വേ പുരോഗമിച്ച് വരുന്നു. നെറ്റ് സീറോ ക്യാമ്പയിൻ ഏറ്റെടുത്ത സ്ഥാപനങ്ങളിൽ എമിഷൻ സർവ്വേ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിന് പുറമെ ഫറോക്ക് കോളേജ്, ഗവ. ആയുർവേദ ആശുപത്രി ചെറുവണ്ണൂർ എന്നിവിടങ്ങളിൽ സർവ്വേ

ആരംഭിച്ചിട്ടുണ്ട്.

- ❖ വയനാട് ജില്ലയിൽ എടവക ഗ്രാമപഞ്ചായത്തിലെ പള്ളിക്കൽ ജി എൽ പി സ്കൂളിൽ സർവ്വെ നടത്തി. എടവക ഗ്രാമപഞ്ചായത്തിൽ ക്യാമ്പയിൻ ശില്പശാലയ്ക്ക് മുന്നോടിയായി കോർകമ്മിറ്റി ജൂലൈ 4 നു ചേരാൻ തീരുമാനിച്ചു.
- ❖ കണ്ണൂർ ജില്ലയിൽ തദ്ദേശസ്ഥാപനതല കോർ ഗ്രൂപ്പ് യോഗങ്ങൾ കതിരൂർ, കുറുമാത്തൂർ, വേങ്ങാട്, അഞ്ചരക്കണ്ടി, കോട്ടയം, പായം, കൂടാളി എന്നീ ഗ്രാമപഞ്ചായത്തുകളിൽ മേയ് മാസം ചേർന്നു.
- ❖ കണ്ണൂർ ജില്ലയിൽ കാലാവസ്ഥ വ്യതിയാനവും അതിന്റെ ഭാഗമായി ഉണ്ടാവുന്ന പ്രത്യാഘാതങ്ങളെ കുറിച്ചും പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും കുട്ടികളെ ബോധവാൻമാരാക്കുന്നതിന്റെയും ഭാഗമായി "വരൂ തണലൊരുക്കാം" എന്ന ശില്പശാല കണ്ണപുരം ഗ്രാമപഞ്ചായത്തിന്റെയും ഹരിത കേരളം മിഷന്റെയും നേതൃത്വത്തിൽ പ്രയാങ്കോട്ടം പച്ചത്തുരുത്തിൽ വച്ച് സംഘടിപ്പിച്ചു. കുട്ടികളുടെ ഗ്രൂപ്പ് രൂപീകരിക്കുകയും ചെയ്തു.
- ❖ കാസർഗോഡ് ജില്ലയിൽ കാർബൺ എമിഷൻ സ്ഥാപനതല സർവ്വെ 22 സ്ഥാപനങ്ങളിൽ സർവ്വെ പൂർത്തീകരിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ സോളാർ സംവിധാനം ഉള്ള 75 വിദ്യാലയങ്ങളിൽ സർവ്വെ നടത്തുന്നതിന് വേണ്ടി ബന്ധപ്പെട്ട അധ്യാപകരുടെ യോഗം മേയ് 13 ന് ജില്ലാ പഞ്ചായത്ത് ഹാളിൽ വെച്ച് ചേർന്നിട്ടുണ്ട്. യോഗത്തിൽ നെറ്റ് സീറോ കാമ്പയിൻ, പച്ചത്തുരുത്ത്, മാലിന്യസംസ്കരണം, സ്ഥാപനതലം സർവ്വെ എന്നിവയെ കുറിച്ച് ക്ലാസുകൾ നൽകി.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 53 | 99 | 330 | 271 | 700 | 3 | 230 | 2 | 69 | 710 | 1105 |
| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - പഞ്ചായത്ത് തല കോർഗ്രൂപ്പ് യോഗം | | | | | | | | | | |
| 14 | 37 | 58 | 71 | 166 | 0 | 0 | 0 | 0 | 151 | 72 |

## 2. ജലസംരക്ഷണ പ്രവർത്തനങ്ങൾ

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നുണ്ട്. സർക്കാരിന്റെ പ്രകടന പത്രികയിൽ 50,000 കിലോമീറ്റർ തോടുകളും 2000 കിലോമീറ്റർ പുഴകളും പുതുതായി വൃത്തിയാക്കി കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുമെന്നും, ഇതിനായി തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തുമെന്നും വാഗ്ദാനം നൽകിയിരുന്നു.

ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ 2021 ഏപ്രിൽ മുതൽ 2025 മേയ് മാസം വരെ ജലസംരക്ഷണം പ്രവർത്തനങ്ങളുടെ ഭാഗമായി 49410.80 കിലോമീറ്റർ നീർച്ചാലുകളും 4130 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു. *(കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ (5 വർഷം) പുനരുജ്ജീവിപ്പിച്ച 45,736 കി.മീ. കൂടി ഉൾപ്പെടുത്തിയാൽ ആകെ 95146.80 കി.മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്).* 5847 പുതിയ കുളങ്ങൾ നിർമ്മിച്ചു. നീർച്ചാലുകളിൽ ജലസംഭരണം സാധ്യമാക്കുന്നതിനായി 859 സ്ഥിരം തടയണകളും 78336 താൽക്കാലിക തടയണകളും നിർമ്മിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിയാണ് ഈ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്.

സർക്കാരിന്റെ പ്രകടന പത്രികയിൽ കിണറുകളുടെ സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം നൽകും എന്നും കിണറുകൾ ശുദ്ധീകരിക്കുമെന്നും മഴക്കാലത്ത് റീചാർജ്ജ് ചെയ്യുന്നതിനു നടപടിയെടുക്കും എന്നും വാഗ്ദാനം നൽകിയിരുന്നു. ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 10243 കിണറുകൾ റീർച്ചാർജ്ജ് ചെയ്യുകയും, 19517 കിണറുകൾ നിർമ്മിക്കുകയും ചെയ്തു. ഏറ്റവും കൂടുതൽ കിണറുകൾ നിർമ്മിച്ചിട്ടുള്ളത് കൊല്ലം (3,614 എണ്ണം), തിരുവനന്തപുരം (3,598) ജില്ലകളിലാണ്. കൂടുതൽ കിണറുകൾ റീചാർജ്ജിങ്

ചെയ്തിട്ടുള്ളത് കണ്ണൂർ ജില്ലയിലാണ് (2,896). പാലക്കാട്, തിരുവനന്തപുരം, കൊല്ലം, ജില്ലകളിൽ ഏറ്റവും കൂടുതൽ നീളം നീർച്ചാൽ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. പാലക്കാട്, വയനാട് ജില്ലകളിൽ ഏറ്റവും കൂടുതൽ കുളങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

| ജല സംരക്ഷണ പ്രവർത്തനങ്ങൾ - പ്രവർത്തന പുരോഗതി (2021 ഏപ്രിൽ മുതൽ 2025 മേയ് മാസം വരെ) | | | | | | | |
|---|---|---|---|---|---|---|---|
| ജില്ലകൾ | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ നീളം | പുനരുജ്ജീവിപ്പിച്ച കുളങ്ങൾ | നിർമ്മിച്ച കുളങ്ങൾ | റീചാർജ് ചെയ്ത കിണറുകൾ | നിർമിച്ച കിണറുകൾ | നിർമ്മിച്ച സ്ഥിരം തടയണകൾ | നിർമ്മിച്ച താൽക്കാലിക തടയണകൾ |
| തിരുവനന്തപുരം | 7035.30 | 634 | 553 | 1087 | 3598 | 105 | 17744 |
| കൊല്ലം | 5083.45 | 238 | 495 | 734 | 3614 | 8 | 16399 |
| പത്തനംതിട്ട | 1931.10 | 202 | 211 | 604 | 973 | 29 | 4757 |
| ആലപ്പുഴ | 2432.14 | 98 | 51 | 361 | 365 | 18 | 2736 |
| കോട്ടയം | 1575.65 | 65 | 268 | 454 | 610 | 56 | 1965 |
| ഇടുക്കി | 4370.31 | 243 | 312 | 290 | 337 | 63 | 1575 |
| എറണാകുളം | 3197.54 | 184 | 296 | 862 | 523 | 22 | 6 |
| തൃശ്ശൂർ | 3225.76 | 168 | 173 | 457 | 1237 | 13 | 352 |
| പാലക്കാട് | 8226.67 | 811 | 963 | 715 | 1781 | 26 | 14482 |
| മലപ്പുറം | 1749.87 | 422 | 507 | 266 | 1961 | 188 | 1144 |
| കോഴിക്കോട് | 2604.59 | 209 | 197 | 425 | 1083 | 45 | 416 |
| വയനാട് | 2107.62 | 86 | 785 | 139 | 374 | 94 | 2623 |
| കണ്ണൂർ | 3958.03 | 605 | 562 | 2896 | 1631 | 113 | 11486 |
| കാസർഗോഡ് | 1912.78 | 165 | 474 | 953 | 1430 | 79 | 2651 |
| ആകെ | 49410.80 | 4130 | 5847 | 10243 | 19517 | 859 | 78336 |

മേയ് മാസത്തിൽ സംസ്ഥാനത്ത് ജലസംരക്ഷണം പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി 2716.97 കിലോമീറ്റർ നീർച്ചാലുകളും 117 കുളങ്ങളും പുനരുജ്ജീവിപ്പിക്കുകയും 85 പുതിയ കുളങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മേയ് മാസത്തിൽ 304 കിണറുകൾ റീചാർജ്ജ് ചെയ്തിട്ടുണ്ട്. 325 പുതിയ കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. ജലസംഭരണം സാധ്യമാക്കുന്നതിനായി റിപ്പോർട്ട് മാസത്തിൽ 22 സ്ഥിരം തടയണകളും 2213 താൽക്കാലിക തടയണകളും നിർമ്മിച്ചു.

| ജലസംരക്ഷണ പ്രവർത്തനങ്ങൾ മേയ് 2025 | | | | | | | |
|---|---|---|---|---|---|---|---|
| ജില്ലകൾ | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ നീളം | പുനരുജ്ജീവിപ്പിച്ച കുളങ്ങൾ | നിർമ്മിച്ച കുളങ്ങൾ | റീചാർജ് ചെയ്ത കിണറുകൾ | നിർമിച്ച കിണറുകൾ | നിർമ്മിച്ച സ്ഥിരം തടയണകൾ | നിർമ്മിച്ച താൽക്കാലിക തടയണകൾ |
| തിരുവനന്തപുരം | 188.16 | 13 | 5 | 22 | 67 | 1 | 647 |
| കൊല്ലം | 202.787 | 3 | 4 | 3 | 22 | 0 | 422 |
| പത്തനംതിട്ട | 84.68 | 5 | 1 | 7 | 9 | 0 | 274 |
| ആലപ്പുഴ | 201.94 | 12 | 4 | 150 | 13 | 0 | 71 |
| കോട്ടയം | 41.72 | 2 | 0 | 0 | 5 | 1 | 13 |
| ഇടുക്കി | 35 | 5 | 5 | 0 | 1 | 0 | 14 |
| എറണാകുളം | 120.71 | 5 | 0 | 5 | 0 | 0 | 6 |
| തൃശ്ശൂർ | 799.983 | 9 | 15 | 18 | 84 | 1 | 200 |
| പാലക്കാട് | 143.43 | 21 | 22 | 18 | 66 | 0 | 172 |
| മലപ്പുറം | 15.56 | 17 | 5 | 11 | 6 | 18 | 20 |
| കോഴിക്കോട് | 264.962 | 1 | 0 | 0 | 15 | 0 | 75 |
| വയനാട് | 41.85 | 0 | 9 | 0 | 3 | 0 | 193 |
| കണ്ണൂർ | 493.35 | 21 | 6 | 27 | 9 | 0 | 106 |
| കാസർഗോഡ് | 82.84 | 3 | 9 | 43 | 25 | 1 | 0 |
| ആകെ | 2716.972 | 117 | 85 | 304 | 325 | 22 | 2213 |

## 3. ജല ബജറ്റ് - ജലസുരക്ഷ പ്ലാൻ

സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായ ജല സുരക്ഷാ പ്ലാനുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇന്ത്യയിൽ ആദ്യമായി തദ്ദേശ ഭരണസ്ഥാപന തലത്തിൽ ജല ബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം ഏറ്റെടുത്തിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കേരളത്തിലെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജല ബജറ്റ് തയ്യാറാക്കാൻ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിലും 746 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഊർജിതമായി നടന്നു വരുന്നു. ഇവ പൂർത്തീകരിക്കുന്നതോടെ കേരളത്തിലെ 72% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് ആകും എന്നത് ശ്രദ്ധേയമാണ്. നിലവിൽ 551 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജല ബജറ്റിന്റെ വിവരശേഖരണം പൂർത്തിയാക്കിയിട്ടുണ്ട്. ആയതിൽ 464 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജല ബജറ്റിന്റെ റിപ്പോർട്ട് ആയിട്ടുണ്ട്. ഇവയിൽ ഉൾപ്പെട്ട 361 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2025 മേയ് മാസം വരെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മേയ് മാസം സംസ്ഥാനത്താകെ 5 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് പ്രസിദ്ധീകരിച്ചു. കോഴിക്കോട് ജില്ലയിലെ 3 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും, കണ്ണൂർ ജില്ലയിലെ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും, ഇടുക്കി ജില്ലയിലെ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും മേയ് മാസം റിപ്പോർട്ട് പ്രകാശനം നടന്നു.

നിലവിൽ ജലബജറ്റിൽ നിന്നും ജലസുരക്ഷ പ്ലാനിലേക്ക് സംസ്ഥാനത്തെ മാറ്റുന്നതിനുള്ള പ്രവർത്തനമാണ് നടന്നു വരുന്നത്. ജലബജറ്റ് റിപ്പോർട്ട് പൂർത്തീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണസമിതിയുടെ മുൻപിൽ റിപ്പോർട്ട് അവതരിപ്പിച്ച് ജനപ്രതിനിധികളുടെയും വിദഗ്ധരുടെയും അഭിപ്രായം കൂടി സ്വരൂപിച്ച ശേഷം രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി പഞ്ചായത്തുതല ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. നീരുറവിന്റെ മാസ്റ്റർ പ്ലാനുമായി സംയോജിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങളാണ് രണ്ടാം ഘട്ടത്തിൽ നടന്നു വരുന്നത്. രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ മുന്നോടിയായി ബ്ലോക്ക് ഗ്രാമപഞ്ചായത്തുതല സംഘാടക സമിതി രൂപീകരിച്ചു യോഗങ്ങൾ കൂടിയിട്ടുണ്ട്.

| ജല ബജറ്റ് | | | |
|---|---|---|---|
| ജില്ല | തിരഞ്ഞെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എണ്ണം | റിപ്പോർട്ട് അവതരണം സജ്ജമായിട്ടുള്ളത് | ഇതിൽ റിപ്പോർട്ട് അവതരണം നടത്തിയത് |
| തിരുവനന്തപുരം | 78 | 22 | 14 |
| കൊല്ലം | 73 | 38 | 32 |
| പത്തനംതിട്ട | 57 | 17 | 13 |
| ആലപ്പുഴ | 78 | 16 | 8 |
| കോട്ടയം | 77 | 38 | 9 |
| ഇടുക്കി | 54 | 25 | 14 |
| എറണാകുളം | 96 | 16 | 15 |
| തൃശ്ശൂർ | 94 | 22 | 19 |
| പാലക്കാട് | 95 | 36 | 30 |
| മലപ്പുറം | 106 | 16 | 16 |
| കോഴിക്കോട് | 78 | 76 | 76 |
| വയനാട് | 26 | 26 | 26 |
| കണ്ണൂർ | 81 | 75 | 48 |
| കാസർഗോഡ് | 41 | 41 | 41 |
| ആകെ | 1034 | 464 | 361 |

❖ കൊല്ലം ജില്ലയിൽ അലയമൺ, തെന്മല, ഏരൂർ, പൂതക്കുളം, ശാസ്താംകോട്ട, മൈനാഗപ്പള്ളി, ശൂരനാട് വടക്ക്, ശൂരനാട് തെക്ക് എന്നീ എട്ട് ഗ്രാമപഞ്ചായത്തുകളിലെ കരട് റിപ്പോർട്ടിന്റെ അവതരണം ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റികളിൽ നടത്തി. ജില്ലയിലെ മുഴുവൻ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ജലബജറ്റ് 2025 ഡിസംബർ മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്.

- ❖ പത്തനംതിട്ട ജില്ലയിൽ ഇലന്തൂർ ബ്ലോക്ക്, കോയിപ്രം ബ്ലോക്ക്, കോന്നി ബ്ലോക്ക് എന്നി പഞ്ചായത്തുകളിലും, ചെന്നീർക്കര ഗ്രാമപഞ്ചായത്തിലും ജല ബജറ്റ് സാങ്കേതിക സമിതി യോഗം ചേർന്നു.
- ❖ ആലപ്പുഴ ജില്ലയിൽ തൈക്കാട്ടുശ്ശേരി, അരൂക്കുറ്റി, പെരുമ്പളം, വള്ളികുന്നം എന്നീ ഗ്രാമപഞ്ചായത്തുകളിലെ കരട് റിപ്പോർട്ട് തയ്യാറാക്കി. ജൂൺ മാസം കരട് റിപ്പോർട്ട് ടെക്നിക്കൽ കമ്മിറ്റിയിൽ അവതരിപ്പിക്കാൻ തീരുമാനിച്ചു.
- ❖ ഇടുക്കി ജില്ലയിൽ പാമ്പാടുംപാറ പഞ്ചായത്തിൽ ജലബജറ്റ് അവതരിപ്പിച്ചു ഈ യോഗത്തിൽ 8 ജനപ്രതിനിധികളും 13 സാങ്കേതിക സമിതി അംഗങ്ങളും പങ്കെടുത്തു.
- ❖ തൃശൂർ ജില്ലയിൽ ചേർപ്പ്, വടക്കാഞ്ചേരി, മാള, മുല്ലശ്ശേരി, ചാവക്കാട്, ഇരിഞ്ഞാലക്കുട എന്നീ ബ്ലോക്കുകളിൽ ജലബജറ്റ് ബ്ലോക്ക് തല കൺവെൻഷനും സാങ്കേതിക സമിതി യോഗവും നടന്നു.
- ❖ തൃശൂർ ജില്ലയിൽ കൊരട്ടി, തെക്കുംകര, ഒരുമനയൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലെ വിവരശേഖരണം പൂർത്തിയായി. ജില്ലാതലത്തിൽ വിവരങ്ങളുടെ ഗുണമേന്മ പരിശോധന പൂർത്തിയാക്കി.
- ❖ പാലക്കാട് ജില്ലയിൽ പട്ടാമ്പി ബ്ലോക്കിന്റെ ജലബജറ്റ് റിപ്പോർട്ട് പൂർത്തിയായി, ജൂൺ മാസം ജലബജറ്റ് പ്രകാശനം നടത്താൻ തീരുമാനിച്ചു. ജലബജറ്റ് അവതരിപ്പിച്ച 30 ഗ്രാമപഞ്ചായത്തുകളിലും ജലസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായും ഫലപ്രദമായും പൂർത്തീകരിക്കുന്നതിനു വേണ്ട ഇടപെടൽ നടന്നു വരുന്നുണ്ട്.
- ❖ പാലക്കാട് ജില്ലയിൽ ക്രിട്ടിക്കൽ സോണിലുള്ള മലമ്പുഴ ബ്ലോക്കിലെ 6 ഗ്രാമപഞ്ചായത്തുകളുടെയും നെന്മാറ ബ്ലോക്കിലെ 7 ഗ്രാമപഞ്ചായത്തുകളിലും ജലബജറ്റ് പ്രവർത്തനം പുരോഗമിക്കുന്നു.
- ❖ മലപ്പുറം ജില്ലയിൽ 16 ഗ്രാമപഞ്ചായത്തുകളിൽ വിവരശേഖരണം ആരംഭിച്ചു.
- ❖ കോഴിക്കോട് ജില്ലയിൽ ജലബജറ്റ് പ്രവർത്തനം ഏറ്റെടുക്കാൻ ബാക്കിയുള്ള കോഴിക്കോട് കോർപ്പറേഷനിൽ ജലബജറ്റ് ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ജൂൺ ആദ്യ ആഴ്ച ജലബജറ്റ് ശില്പശാല നടത്താൻ തീരുമാനിച്ചു.
- ❖ കണ്ണൂർ ജില്ലയിൽ "മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് ജലബജറ്റ് പ്രകാശനം 30.5.25 നു ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു. ന്യൂ മാഹി, കുന്നോത്തുപറമ്പ്, ചിറ്റാരിപ്പറമ്പ് എന്നീ ഗ്രാമപഞ്ചായത്തുകളും കൂത്തുപറമ്പ്, കണ്ണൂർ, കല്യാശ്ശേരി ബ്ലോക്കുകളും ജലബജറ്റ് പ്രഖ്യാപന ചടങ്ങ് സംഘടിപ്പിക്കാവുന്ന നിലയിലേക്ക് എത്തിയിട്ടുണ്ട്. ആയത് ജൂൺ മാസം ആദ്യ വാരം നടത്തുവാൻ തീരുമാനിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ 38 ഗ്രാമപഞ്ചായത്തുകളിലും 3 നഗരസഭകളിലും ജലബജറ്റ് പൂർത്തിയാക്കി. ബ്ലോക്ക് തലത്തിലും, ജില്ലാ തലത്തിലും ക്രോഡീകരിച്ച് റിപ്പോർട്ട് പ്രകാശനം ചെയ്തു. തുടർന്ന് ജില്ലാ ജലസുരക്ഷാ പ്ലാൻ തയ്യാറാക്കി.

**ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ**

| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
|---|---|---|---|---|---|---|---|---|---|---|
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 91 | 193 | 215 | 181 | 589 | 6 | 572 | 0 | 0 | 3477 | 146 |

## 4.സുരക്ഷിതമാക്കാം പശ്ചിമഘട്ടം

ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന 'ഇനി ഞാനൊഴുകട്ടെ' - നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ് - കാമ്പയിൻ 2019 ൽ ആരംഭിച്ചിരുന്നു. പശ്ചിമഘട്ട മേഖലയിൽ മണ്ണൊലിപ്പിനും ഉരുൾപൊട്ടലുമുള്ള

സാദ്ധ്യതകൾ ലഘൂകരിക്കുന്നതിനായി നീർച്ചാലുകൾ പുനരുജ്ജിവിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കേണ്ടതിനായി "സുരക്ഷിതമാക്കാം പശ്ചിമഘട്ടം" എന്ന കാമ്പയിൻ ഇനി ഞാനൊഴുകട്ടെയുടെ രണ്ടാം ഘട്ടമായി സംസ്ഥാനത്തു ഹരിത കേരളം മിഷൻ നടപ്പിലാക്കി വരുന്നു.

പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാലുകളുടെ ശാസ്ത്രീയ മാപിംഗ് അവസാന ഘട്ടത്തിലാണ്. റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ (RKI) സഹായത്തോടെയുള്ള ഈ ശാസ്ത്രീയ മാപിംഗ് പൂർത്തീകരിച്ചിട്ടുണ്ട്.

ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് കേരളത്തിലെ എല്ലാ ശ്രേണിയിലുംപെട്ട നീർചാലുകളുടെ വ്യത്യസ്തവും കൃത്യതയുമുള്ള മാപുകൾ നിർമ്മിക്കുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്. മാപത്തോണിനായി തിരഞ്ഞെടുത്തിട്ടുള്ള പശ്ചിമഘട്ട പ്രദേശങ്ങളിലെ 230 ഗ്രാമപഞ്ചായത്തുകളിലും മാപിംഗ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്.

| രണ്ടാം ഘട്ട പ്രവർത്തനങ്ങൾ | | | | |
|---|---|---|---|---|
| ജില്ലകൾ | അവതരണം നടത്തിയ ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് തല പ്രവർത്തനം പൂർത്തീകരിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | നീർച്ചാൽ പുനരുജ്ജീകരിച്ചത് മേയ് മാസത്തിൽ (കി.മീ) | നീർച്ചാൽ പുനരുജ്ജീകരിച്ചത് ആകെ (കി.മീ) |
| കൊല്ലം | 7 | 7 | 17.414 | 408.5 |
| പത്തനംതിട്ട | 16 | 7 | 21.75 | 156.98 |
| കോട്ടയം | 32 | 32 | 6.3 | 96.95 |
| ഇടുക്കി | 26 | 0 | 0.00 | 0.00 |
| എറണാകുളം | 17 | 17 | 46.5 | 753.71 |
| പാലക്കാട് | 51 | 41 | 62.77 | 1829.80 |
| കോഴിക്കോട് | 14 | 14 | 6.6 | 128.88 |
| വയനാട് | 26 | 22 | 9.3 | 97.5 |
| കണ്ണൂർ | 18 | 18 | 125 | 379.7 |
| ആകെ | 207 | 158 | 295.63 | 3852.0 |

മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ നീർച്ചാലുകൾ വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കി, മണ്ണിടിച്ചിലും ഉരുൾ പൊട്ടലും കുറയ്ക്കുന്നതിനു വേണ്ടിയുള്ള അടുത്ത ഘട്ട പ്രവർത്തനങ്ങൾ 9 ജില്ലകളിൽ ഉൾപ്പെട്ട 158 ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ചു.

മാപത്തോൺ രണ്ടാംഘട്ട ഗ്രാമപഞ്ചായത്ത്തല അവതരണം 158 തദ്ദേശസ്ഥാപനങ്ങളിലും പൂർത്തീകരിച്ചു. മാപത്തോൺ അവതരണം പൂർത്തിയായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നീരുറവ് പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. 158 ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകളിൽ ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. അവതരണം പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലസംരക്ഷണ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.

മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങളുടെ ഭാഗമായി മേയ് മാസത്തിൽ 295.63 കി.മീ. നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചു. നാളിതുവരെ 158 ഗ്രാമപഞ്ചായത്തുകളിലായി 3852.0 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.

- ❖ കണ്ണൂർ (125 കി.മീ), പാലക്കാട് (62.77 കി.മീ), എറണാകുളം (46.5 കി.മീ), പത്തനംതിട്ട (21.75 കി.മീ), കൊല്ലം (17.41 കി.മീ), വയനാട് (9.3 കി.മീ), കോഴിക്കോട് (6.6 കി.മീ), കോട്ടയം (6.3 കി.മീ) എന്ന തോതിലാണ് നീർച്ചാൽ പുനരുജ്ജീകരണം മേയ് മാസത്തിൽ നടന്നത്.
- ❖ കൊല്ലം ജില്ലയിൽ മേയ് മാസത്തിൽ പുതിയതായി 17.414 കി.മീ. നീർച്ചാൽ ശൃംഖലകൂടി വീണ്ടെടുത്തിട്ടുണ്ട്. നാളിതുവരെ 7 ഗ്രാമപഞ്ചായത്തുകളിലായി 408.5 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.
- ❖ കോട്ടയം ജില്ലയിൽ പശ്ചിമഘട്ട മേഖലയിൽ ഉൾപ്പെട്ട 31 ഗ്രാമപഞ്ചായത്തുകളിലും നീർച്ചാലുകൾ വീണ്ടെടുക്കൽ പ്രവർത്തനം പുരോഗമിക്കുന്നു. മേയ് മാസം 6.3 കി.മീ നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ പ്രവർത്തനം റിപ്പോർട്ട് ചെയ്തു. നാളിതുവരെ 31 ഗ്രാമപഞ്ചായത്തുകളിലായി 96.95

കി.മീ നീർച്ചാൽ പുനരുജ്ജീവനം നടത്തി.

❖ കണ്ണൂർ ജില്ലയിൽ പശ്ചിമഘട്ട മേഖലയിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ മേയ് മാസം 125 കി.മീ നീർച്ചാൽ ശുചീകരണം നടത്തി.

| സുരക്ഷിതമാക്കാം പശ്ചിമഘട്ടം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 1 | 2 | 20 | 5 | 27 | 1 | 5 | 2 | 31 | 354 | 534 |

## 5. ജലഗുണനിലവാര നിർണ്ണയ ലാബ്

ജനങ്ങൾക്കു ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനോടൊപ്പം കുടിക്കുന്ന വെള്ളം ശുദ്ധവും സുരക്ഷിതവുമാണെന്ന് ഉറപ്പാകുന്നതിനുവേണ്ടി ജലസാമ്പിളുകൾ പരിശോധിക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉള്ള ഒരു ഹയർ സെക്കൻഡറി സ്കൂളിലും ഒരു ജല ഗുണനിലവാര നിർണ്ണയ ലാബു സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. വളരെ എളുപ്പത്തിലും വലിയ പണച്ചിലവ് ഇല്ലാതെയും പൊതുജനങ്ങൾക്ക് ഇത്തരം സംവിധാനങ്ങൾ ഉപയോഗിക്കുവാൻ ലക്ഷ്യമിട്ടാണ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജലഗുണനിലവാര പരിശോധന ലാബുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യം ഹരിത കേരളം മിഷൻ മുന്നോട്ട് വെച്ചത്.

ജല ഗുണനിലവാര നിർണ്ണയ ലാബുകൾ 534 ഹയർ സെക്കൻഡറി സ്കൂളുകളിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ പെരിയാർ, പമ്പാ നദികളുടെ നദീതടത്തിൽപെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ (എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ) 313 ഹയർ സെക്കണ്ടറി സ്കൂളുകളിൽ കേരള പുനർനിർമ്മാണ പദ്ധതിയുടെ (RKI) സഹായത്തോടെയാണ് ലാബുകൾ സ്ഥാപിക്കുന്നത്. ബന്ധപ്പെട്ട MLA ഫണ്ടിൽ നിന്നാണ് ബാക്കിയുള്ള ലാബുകൾ സ്ഥാപിക്കുന്നത്. സംസ്ഥാനത്തു 319 ലാബുകൾ ഇതിനകം സ്ഥാപിച്ചിട്ടുണ്ട്. ആയതിൽ 128 ലാബുകൾ കേരള പുനർനിർമ്മാണ പദ്ധതിയുടെ (RKI) സഹായത്തോടെയും 191 ലാബുകൾ ബന്ധപ്പെട്ട MLA ഫണ്ടിൽ നിന്നുമാണ് സ്ഥാപിച്ചിട്ടുള്ളത്. വിവിധ ലാബുകളിലായി 35,233 ജലസാമ്പിളുകൾ ഇതുവരെ പരിശോധിച്ചു. 215 ലാബുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനം പുരോഗമിക്കുന്നു. ലാബുകൾ സ്ഥാപിച്ച 292 സ്കൂളുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്

| ജലഗുണനിലവാര നിർണ്ണയ ലാബ് | | | | |
|---|---|---|---|---|
| ജില്ലാ | പ്രവർത്തന സജ്ജമായ ലാബുകൾ | വാട്ടർ ടെസ്റ്റിംഗ് | | |
| | | ഏപ്രിൽ വരെ | മേയ് | ആകെ |
| തിരുവനന്തപുരം | 13 | 1,598 | 4 | 1,602 |
| കൊല്ലം | 11 | 1,275 | 114 | 1,389 |
| പത്തനംതിട്ട | 21 | 136 | 71 | 207 |
| ആലപ്പുഴ | 28 | 920 | 11 | 931 |
| കോട്ടയം | 31 | 1,973 | 62 | 2,035 |
| ഇടുക്കി | 35 | 2,661 | 50 | 2,711 |
| എറണാകുളം | 54 | 1,163 | 132 | 1,295 |
| തൃശ്ശൂർ | 54 | 19,053 | 240 | 19,293 |
| പാലക്കാട് | 10 | 269 | 0 | 269 |
| മലപ്പുറം | | | | |
| കോഴിക്കോട് | 29 | 2,106 | 13 | 2,119 |
| വയനാട് | | | | |
| കണ്ണൂർ | 21 | 2,074 | 149 | 2,223 |
| കാസർഗോഡ് | 12 | 1,115 | 44 | 1,159 |
| ആകെ | 319 | 34,343 | 890 | 35,233 |

- ❖ കൊല്ലം ജില്ലയിൽ സർക്കാരിന്റെ 4-ാം വാർഷികത്തോട് അനുബന്ധിച്ച് സംഘടിപ്പിക്കുന്ന എന്റെ കേരളം പ്രദർശന വിപണനമേളയിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ അഞ്ചൽ ഈസ്റ്റ് എച്ച്.എസ്സ്.എസ്സുമായി ചേർന്ന് സൗജന്യ ജലഗുണനിലവാര പരിശോധന നടന്നു.
- ❖ പത്തനംതിട്ട ജില്ലയിൽ എന്റെ കേരളം പ്രദർശന വിപണനമേളയുടെ ഭാഗമായി ജലഗുണ നിലവാര പരിശോധനാ ലാബ് സജ്ജീകരിച്ചു.
- ❖ പാലക്കാട് ജില്ലയിൽ പുതിയതായി തൃത്താല നിയോജക മണ്ഡലത്തിലെ 6 സ്കൂളുകളിലും, നെന്മാറ നിയോജക മണ്ഡലത്തിലെ 10 സ്കൂളുകളിലും ജലഗുണനിലവാര ലാബുകളുടെ നിർമ്മാണ ജോലികൾ പുരോഗമിച്ചു വരുന്നു.
- ❖ മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്ത് കാഡ്കോ ഏജൻസിയുമായി ചർച്ച നടത്തിയിട്ടുണ്ട്. 15 ലാബുകൾ സ്ഥാപിക്കാൻ ഉള്ള നടപടികൾ ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കും എന്ന് ഉറപ്പ് നൽകി.

## 6.പാറക്വാറി റീചാർജ്

- ❖ കൊല്ലം കരീപ്രയിൽ ക്വാറിയിലെ വെള്ളം ഹരിത ഊർജ്ജം ഉപയോഗിച്ച് കൃഷിക്ക് ഉപയോഗിക്കുന്ന രീതിയിൽ സംസ്ഥാനതെ മറ്റ് ക്വാറികളിലെ വെള്ളം ഹരിത ഊർജ്ജം ഉപയോഗിച്ച് കൃഷിക്ക് ഉപയോഗിക്കുന്നതിനായിട്ടുള്ള പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ 3 കോടി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൃഷി, ജലസേചനം, ഭൂജലവിതാനം ഉയർത്തൽ എന്നിവ കാര്യക്ഷമമായി നടത്തുവാൻ ക്വാറിയിലെ വെള്ളം ഉപയോഗിക്കാവുന്നതാണ്. സംസ്ഥാനത്തെ തിരഞ്ഞെടുത്ത 286 ക്വാറിയിലേയ്ക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു.
- ❖ നിലവിൽ 5 പാറക്വാറികളിൽ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ 50 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ 5 ക്വാറികളിലും ഹൈഡ്രോഗ്രാഫിക് സർവ്വേ പ്രവർത്തങ്ങളും നടന്നു വരുന്നു
- ❖ കൊല്ലം ജില്ലയിൽ പാറക്വാറി റീചാർജ്ജിങ്ങുമായി ബന്ധപ്പെട്ട് നെടുവത്തൂർ ഗ്രാമപഞ്ചായത്തിലെ കൊഴുവൻ ക്വാറി, കുളക്കട ഗ്രാമപഞ്ചായത്തിലെ വെണ്ടാർ, ഏരൂർ ഗ്രാമപഞ്ചായത്തിലെ ഇളവറാംകുഴി, വെളിയം ഗ്രാമപഞ്ചായത്തിലെ കായില കോട്ടേപ്പാറ എന്നിവിടങ്ങളിൽ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. നെടുവത്തൂർ ക്വാറിയിൽ ത്രീ ഫേസ് കണക്ഷൻ സ്ഥാപിക്കുന്നതിനായി പാനൽ സ്ഥാപിച്ചു.

## 7. ഇനി ഞാൻ ഒഴുകട്ടെ

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ എല്ലാ ജലാശയങ്ങളും ജലസ്രോതസ്സുകളും ശുചിയാക്കിയും നീരൊഴുക്ക് വീണ്ടെടുത്തും സംരക്ഷിച്ചും നിലനിർത്താൻ തീരുമാനിച്ചിട്ടുണ്ട്.

- ❖ കൊല്ലം ജില്ലയിൽ ജലാശയങ്ങളുടെ ശുചിത്വം ഉറപ്പാക്കലിന്റെ ഭാഗമായി ആരംഭിച്ച 'ഇനി ഞാൻ ഒഴുകട്ടെ' മൂന്നാംഘട്ടം പ്രവർത്തനത്തിന്റെ ഭാഗമായി 603.38 കി.മീ. നീളത്തിൽ നീർച്ചാൽ പുനരുജ്ജീവനം നടന്നിട്ടുണ്ട്.
- ❖ പത്തനംതിട്ട ജില്ലയിൽ 'ഇനി ഞാൻ ഒഴുകട്ടെ' ക്യാമ്പയിൻ പ്രവത്തനങ്ങൾ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും നടന്നുവരുന്നു. ഇതുവരെ 269.54 കിലോമീറ്റർ നീളത്തിൽ നീർച്ചാൽ പുനരുജ്ജീവനം നടന്നിട്ടുണ്ട്.
- ❖ ഇടുക്കി ജില്ലയിൽ 'ഇനി ഞാൻ ഒഴുകട്ടെ'യുടെ ഭാഗമായി കരിങ്കുന്നം ഗ്രാമപഞ്ചായത്തിൽ നീർച്ചാൽ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്തി.
- ❖ തൃശൂർ ജില്ലയിൽ തൻമാസം 649 നീർച്ചാലുകൾ 799.98 കിലോമീറ്റർ നീളത്തിൽ പുനരുജ്ജീവിപ്പിച്ചു.
- ❖ പാലക്കാട് ജില്ലയിൽ ഇനി ഞാൻ ഒഴുകട്ടെ പ്രവത്തനങ്ങൾ 62 തദ്ദേശസ്ഥാപനങ്ങളിലും നടന്നുവരുന്നു. ഇതുവരെ 346.43 കിലോമീറ്റർ നീളത്തിൽ നീർച്ചാൽ പുനരുജ്ജീവനം നടന്നിട്ടുണ്ട്.
- ❖ മലപ്പുറം ജില്ലയിലെ വേങ്ങര ഗ്രാമപഞ്ചായത്തിൽ ഇനി ഞാൻ ഒഴുകട്ടെ ക്യാമ്പയിന്റെ മൂന്നാംഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കമായി.
- ❖ മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ 'ഇനി ഞാൻ ഒഴുകട്ടെ' മൂന്നാം ഘട്ടം നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ് പഞ്ചായത്ത് തല ഉദ്ഘാടനം ഇടതക്കൽ തോട്

പുനരുദ്ധാരണ പ്രവൃത്തി ഉദ്ഘാടനം ചെയ്തുകൊണ്ട് നിർവഹിച്ചു.

❖ കണ്ണൂർ ജില്ലയിൽ ചെമ്പിലോട് ഗ്രാമപഞ്ചായത്തിലെ ചാലത്തോട് ജനകീയ ശുചീകരണം പ്രവർത്തനം മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം നിർവ്വഹിച്ചു.

## 8. പച്ചത്തുരുത്തുകൾ

❖ 2019 ജൂൺ മുതൽ 2025 മേയ് വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് 1175.91 ഏക്കർ ആകെ വിസ്തൃതിയിൽ 3671 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. 2025 മേയ് മാസത്തിൽ മാത്രം സംസ്ഥാനത്തു 0.82 ഏക്കർ ആകെ വിസ്തൃതിയിൽ 5 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.

| പച്ചത്തുരുത്ത് മേയ് മാസം | | | |
|---|---|---|---|
| സ്ഥാപിച്ച പച്ചത്തുരുത്തുകൾ | ഏപ്രിൽ വരെ | മേയ് | ആകെ |
| എണ്ണം | 3666 | 5 | 3671 |
| വിസ്തൃതി (ഏക്കർ) | 1175.09 | 0.82 | 1175.91 |

❖ വിസ്തൃതിയിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കണ്ണൂർ ജില്ലയിലാണ് (315.86 ഏക്കർ ആകെ വിസ്തൃതിയിൽ 235 പച്ചതുരുത്തുകൾ). എണ്ണത്തിൽ ഏറ്റവും കൂടുതൽ പച്ചതുരുത്തുകൾ സ്ഥാപിച്ചത് കാസർഗോഡ് ജില്ലയിലാണ് (246.21 ഏക്കർ ആകെ വിസ്തൃതിയിൽ 831 പച്ചതുരുത്തുകൾ).

| ജില്ല | 2019 ജൂൺ മാസം മുതൽ 2024 ഏപ്രിൽ വരെ | | 2025 മെയ് മാസത്തിൽ മാത്രം | | 2019 ജൂൺ മാസം മുതൽ 2025 മെയ് വരെ | |
|---|---|---|---|---|---|---|
| | ആകെ എണ്ണം | ആകെ (ഏക്കർ) | ആകെ എണ്ണം | വിസ്തൃതി (ഏക്കറിൽ) | ആകെ എണ്ണം | ആകെ (ഏക്കർ) |
| തിരുവനന്തപുരം | 511 | 64.02 | 0 | 0.00 | 511 | 64.02 |
| കൊല്ലം | 286 | 76.11 | 0 | 0.00 | 286 | 76.11 |
| പത്തനംതിട്ട | 192 | 34.91 | 0 | 0.00 | 192 | 34.91 |
| ആലപ്പുഴ | 102 | 22.65 | | 0.00 | 102 | 22.65 |
| കോട്ടയം | 276 | 32.87 | 0 | 0.00 | 276 | 32.87 |
| ഇടുക്കി | 86 | 37.42 | 3 | 0.62 | 89 | 38.04 |
| എറണാകുളം | 152 | 21.45 | 1 | 0.10 | 153 | 21.55 |
| തൃശ്ശൂർ | 213 | 44.97 | 0 | 0.00 | 213 | 44.97 |
| പാലക്കാട് | 338 | 127.45 | 0 | 0.00 | 338 | 127.45 |
| മലപ്പുറം | 149 | 75.89 | 0 | 0.00 | 149 | 75.89 |
| കോഴിക്കോട് | 225 | 52.02 | | 0.00 | 225 | 52.02 |
| വയനാട് | 71 | 23.36 | | 0.00 | 71 | 23.36 |
| കണ്ണൂർ | 235 | 315.86 | 0 | 0.00 | 235 | 315.86 |
| കാസർഗോഡ് | 830 | 246.11 | 1 | 0.10 | 831 | 246.21 |
| ആകെ | 3666 | 1175.09 | 5 | 0.82 | 3671 | 1175.91 |

❖ മേയ് മാസത്തിൽ ഇടുക്കി ജില്ലയിൽ 3 പച്ചത്തുരുത്തും (0.62 ഏക്കർ), എറണാകുളം ജില്ലയിൽ 1 പച്ചത്തുരുത്തും (0.10 ഏക്കർ), കാസർഗോഡ് ജില്ലയിൽ 1 പച്ചത്തുരുത്തും (0.10 ഏക്കർ) സ്ഥാപിച്ചിട്ടുണ്ട്.

❖ സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ നിലവിലുള്ള അവസ്ഥ വിലയിരുത്തുന്നതിനും നശിച്ചുപോയ ചെടികൾക്കു പകരം പുതിയ ചെടികൾ വെച്ച് പിടിപ്പിക്കാനും ലക്ഷ്യം വച്ച് കൊണ്ട് എല്ലാ ജില്ലകളിലും ഹരിത കേരളം മിഷൻ റിസോർസ് പേർസൺമാർ പച്ചത്തുരുത്തുകൾ പുനർസന്ദർശിക്കുന്നുണ്ട്.

❖ കൊല്ലം ജില്ലയിൽ ജൂൺ മാസത്തിൽ 49 പച്ചത്തുരുത്തുകൾ പുതിയതായി ആരംഭിക്കുന്നതിനായി 26.28 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

❖ പത്തനംതിട്ട ജില്ലയിൽ ജൂൺ മാസത്തിൽ 24 തദ്ദേശസ്ഥാപനങ്ങളിൽ പുതിയതായി പച്ചത്തുരുത്ത്

സ്ഥാപിക്കാൻ സ്ഥലം കണ്ടെത്തി.

- ❖ കോട്ടയം ജില്ലയിൽ പുതിയ പച്ചത്തുരുത്ത് നിർമ്മിക്കുന്നതിനായി ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ് മേധാവികളുടെ ജില്ലാതലയോഗം ചേർന്നു. യോഗത്തിന്റെ തുടർച്ചയായി പുതിയ 52 പച്ചത്തുരുത്തിനായി 3.28 ഏക്കർ ഭൂമി കണ്ടെത്തി.
- ❖ ഇടുക്കി ജില്ലയിൽ നെടുങ്കണ്ടം ബ്ലോക്കിൽ സ്ഥിതിചെയുന്ന 4 പച്ചത്തുരുത്തുകളുടെ പുനഃസന്ദർശനം മേയ് മാസം നടത്തി.
- ❖ എറണാകുളം ജില്ലയിൽ ഏലൂർ മുനിസിപ്പാലിറ്റിയിലെ ആദ്യ പച്ചത്തുരുത്തിനു ഫാക്ട് ഈസ്റ്റേൺ യു.പി സ്കൂളിൽ തുടക്കമായി. ഫലവൃക്ഷ തൈ നട്ടു കൊണ്ട് ചെയർമാൻ ഉദ്ഘാടനം നിർവഹിച്ചു. 25 ഇനം തൈകൾ പച്ചത്തുരുത്തിൽ നട്ടിട്ടുണ്ട്.
- ❖ തൃശൂർ ജില്ലയിൽ 56 തദ്ദേശസ്വയംഭരണ സ്ഥാപങ്ങളിലായി ജൂൺ മാസം പുതുതായി 69 പച്ചത്തുരുത്തുകൾ 12.49 ഏക്കർ വിസ്തൃതിയിൽ നിർമ്മിക്കുന്നതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്.
- ❖ തൃശൂർ ജില്ലയിൽ പരിസ്ഥിതി ദിനത്തോടനുബന്ധിച്ചു ഹരിതകേരളം മിഷന്റെയും ലയൺസ് ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ സെൻട്രൽ പ്രിസൺ, വിയ്യൂരിൽ പച്ചത്തുരുത്ത് സ്ഥാപിക്കുവാൻ തീരുമാനിച്ചു. 60 സെന്റിൽ 100 ഫലവൃക്ഷതൈകളാണ് നടുവാനാണ് തീരുമാനിച്ചിരിക്കുന്നത്.
- ❖ പാലക്കാട് ജില്ലയിൽ പുതിയ പച്ചത്തുരുത്ത് സ്ഥാപിക്കാനായി 60 പുതിയ പച്ചത്തുരുത്തിനായി 10.58 ഏക്കർ വിസ്തൃതിയിൽ സ്ഥലം കണ്ടത്തിയിട്ടുണ്ട്.
- ❖ മലപ്പുറം ജില്ലയിൽ 68 സ്ഥലങ്ങളിലായി പച്ചത്തുരുത്ത് നിർമ്മിക്കാനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ പൂർത്തിയാക്കി.
- ❖ കോഴിക്കോട് ജില്ലയിൽ പച്ചത്തുരുത്ത് വ്യാപനത്തിന്റെ ജില്ലാതല ഉദ്ഘാടനം വേളം ഗ്രാമപഞ്ചായത്തിലെ ഉത്തായി മണപ്പുറത്തെ പുഴയോരത്ത് ഒരു ഏക്കർ സ്ഥലത്ത് നടത്താൻ തീരുമാനിച്ചു. ജൂൺ 5ന് കുറ്റ്യാടി MLA കെ.പി കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ പരിപാടി ഉദ്ഘാടനം ചെയ്യും.
- ❖ വയനാട് ജില്ലയിലെ 6 പച്ചത്തുരുത്തുകൾ പുനർസന്ദർശനം നടത്തി. പച്ചത്തുരുത്ത് നല്ല രീതിയിൽ പരിപാലിക്കപ്പെടുന്നുണ്ട്. ഇതിൽ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിലെ ഹരിതകം പച്ചത്തുരുത്ത് ഗ്രാമീണ ടൂറിസം കേന്ദ്രം ആക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്
- ❖ കണ്ണൂർ ജില്ലയിൽ പുതുതായി പച്ചത്തുരുത്തുകൾ നിർമ്മിക്കുന്നതിനായി 42.64 ഏക്കർ വിസ്തൃതിയിൽ 71 സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ലയിൽ മേയ് മാസം 10 സെന്റ് വിസ്തൃതിയിൽ ഒരു പച്ചത്തുരുത്ത് സ്ഥാപിച്ചു. ഇതോടൊപ്പം 13 പച്ചത്തുരുത്തുകളുടെ റീ വിസിറ്റും തൻ മാസം നടത്തിയിട്ടുണ്ട്.

| പച്ചത്തുരുത്ത് | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 313 | 804 | 878 | 659 | 2341 | 1 | 65 | 0 | 0 | 4168 | 1524 |

## 9. ഒരു തൈ നടാം ക്യാമ്പയിൻ

- ❖ കൊല്ലം ജില്ലയിൽ 'ഒരു തൈ നടാം' ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം ജൂൺ 9-ന് നീണ്ടകര ഗ്രാമപഞ്ചായത്തിലെ കരുത്തറ LPS-ൽ ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ.ബാലഗോപാൽ നിർവ്വഹിക്കുന്നതിന് തീരുമാനിച്ചു. നീണ്ടകര ഗ്രാമപഞ്ചായത്തിലെ ചവറ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡിന്റെ ഖനനം കഴിഞ്ഞ 5 ഏക്കർ ഭൂമിയിലാണ് പദ്ധതി ഉദ്ഘാടനം നിർവ്വഹിക്കുന്നത്.
- ❖ കൊല്ലം ജില്ലയിൽ ജൂൺ-ജൂലൈ മാസങ്ങളിലായി 4,78,400 തൈകൾ നടുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 02/06/2025-ന് വിവിധ വകുപ്പുകളുടെ യോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

- കോട്ടയം ജില്ലയിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ് മേധാവികളുടെ യോഗം നടത്തി. 114 ഏക്കർ ഭൂമി തൻ മാസത്തിൽ കണ്ടെത്തുകയും ചെയ്തു.
- ഇടുക്കി ജില്ലയിൽ ഒരു തൈ നടാം ക്യാമ്പയിനുമായി ബന്ധപെട്ടു വിവിധ ഇടപെടലുകൾ മേയ് മാസം നടന്നിട്ടുണ്ട്. ജില്ലാ മിഷൻ മീറ്റിങ്ങിന് മുന്നോടിയായി കളക്ടർ, എ സി എഫ് സോഷ്യൽ ഫോറസ്റ്റ്ട്രി, കുടുംബശ്രീ, തൊഴിലുറപ്പ്, തദ്ദേശ വകുപ്പ് ജെ.ഡി എന്നിവരെ നേരിൽ കണ്ട് ജില്ലാ കോർഡിനേറ്റർ ക്യാമ്പയിൻ പ്രവർത്തനങ്ങൾ വിശദീകരിച്ചു.
- എറണാകുളം ജില്ലയിൽ പരിസ്ഥിതി ദിനത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് പച്ചക്കറി തൈകൾ നൽകുന്ന പദ്ധതി ആരംഭിക്കും. ഈ പദ്ധതിയുടെ ഭാഗമായി ഓരോ സ്കൂളിന് 200 തൈകൾ നൽകും. ഓർമ്മ മരം കാമ്പയിനിന്റെ ഭാഗമായി എല്ലാ ബ്ലോക്ക് പഞ്ചായത്തിന്റെ കോമ്പൗണ്ടിലും പരിസ്ഥിതി ദിനത്തിൽ തൈകൾ നടുന്നതിനായി തീരുമാനമെടുത്തു.
- തൃശൂർ ജില്ലയിൽ വിവിധ വകുപ്പുകളുടെ സംയോജനത്തോടുകൂടി 15 ലക്ഷത്തോളം വൃക്ഷതൈതകൾ ജൂൺ മാസം തുടങ്ങി സെപ്റ്റംബർ 30ന് വരെ നട്ടുപിടിപ്പിക്കാൻ തീരുമാനിച്ചു.
- പാലക്കാട് ജില്ലയിൽ 2025 ജൂൺ 5, ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഒരു ലക്ഷം കരിമ്പന തൈകൾ നടുന്ന പ്രത്യേക പരിപാടിയായ 'പനപർവ്വം' ക്യാമ്പയിന്റെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.ബി.രാജേഷ്, വൈദ്യുതി വകുപ്പ് മന്ത്രി കെ.കൃഷ്ണൻകുട്ടി എന്നിവർ ചേർന്ന് നടത്തുവാൻ തീരുമാനിച്ചു.
- മലപ്പുറം ജില്ലയിൽ എല്ലായിടത്തും ഒരു തൈ നടാം ക്യാമ്പയിൻ മുന്നൊരുക്ക പ്രവർത്തനം നടത്തി. മേയ് 31 ന് അംഗനവാടിയിൽ ചങ്ങാതിക്കൊരു തൈ ക്യാമ്പയിൻ സംഘടിപ്പിച്ചു.
- കാസർഗോഡ് ജില്ലയിൽ ജില്ലാതല യോഗങ്ങൾ നടന്നു. ജില്ലാ കള്കടറുടെയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെയും നേതൃത്വത്തിലുള്ള യോഗം വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെയും, വിദ്യാലയ പ്രതിനിധികളുടെയും യോഗം, കുടുംബശ്രീ, MGNREGS, എസ്.പി.സി എന്നിവരുടെ യോഗം ജില്ലാതലത്തിൽ നടന്നു.

| ഒരു തൈ നടാം ക്യാമ്പയിൻ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 714 | 2229 | 3751 | 4469 | 10449 | 1 | 52 | 1 | 26 | 2329 | 2555 |

## 10. കാർഷിക മേഖലയിലെ ഇടപെടലുകൾ

ബഹു മുഖ്യമന്ത്രിയുടെ സംസ്ഥാനതല മിഷൻ അവലോകന യോഗതീരുമാന പ്രകാരം ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഹരിത സമൃദ്ധി വാർഡ്, തരിശു രഹിത ഗ്രാമം, ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി, പച്ചക്കറി വ്യാപന പരിപടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്യുന്നതാണ് തരിശുരഹിത ഗ്രാമം പദ്ധതി. ഓരോ ബ്ലോക്കിലുംപെട്ട ഒരു ഗ്രാമപഞ്ചായത്തിനെ ഇതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. റിപ്പോർട്ട് മാസം വരെ 164 ഗ്രാമപഞ്ചായത്തുകളിൽ തരിശുരഹിത പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ 13 ഗ്രാമപഞ്ചായത്തുകളെ തരിശു രഹിത ഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്.

| തരിശുരഹിത ഗ്രാമം | | | ഹരിതസമൃദ്ധി വാർഡുകൾ | | |
|---|---|---|---|---|---|
| ടാർഗറ്റ് (ഒരു ബ്ളോക്കിൽ ഒരു ഗ്രാ.പ) | തെരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങളുടെ എണ്ണം (നെറ്റ് സീറോ പഞ്ചായത്തുകൾ ഉൾപ്പെടെ) | പ്രഖ്യാപനം നടത്തിയ ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം | ടാർഗറ്റ് (ഒരു ബ്ളോക്കിൽ 20 വാർഡുകൾ) | തെരഞ്ഞെടുത്ത ഹരിതസമൃദ്ധി വാർഡുകളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ വാർഡുകളുടെ എണ്ണം |
| 152 | 164 | 13 | 3040 | 2422 | 1354 |

ഒരു വാർഡിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടപ്പാക്കുന്ന ഹരിത സമൃദ്ധി വാർഡ് പദ്ധതി പ്രവർത്തനം മേയ് മാസം വരെ 2422 വാർഡുകളിൽ നടന്നു. പന്ത്രണ്ട് ജില്ലകളിലായി 1354 ഹരിത സമൃദ്ധി വാർഡുകളുടെ പ്രഖ്യാപനം നടത്തി. കൂടുതൽ വാർഡുകൾ ഹരിതസമൃദ്ധി വാർഡുകളാക്കിയത് തൃശ്ശൂർ (423), തിരുവനന്തപുരം (310), കാസർഗോഡ് (163), കണ്ണൂർ (125), കൊല്ലം (107), വയനാട് (92), പത്തനംതിട്ട (60) എന്നീ ജില്ലകളാണ്.

- ❖ ആരാധനാലയങ്ങളിലെ തരിശുഭൂമി കൃഷി ചെയ്യുന്നതിനായുള്ള ദേവഹരിതം പദ്ധതി റിപ്പോർട്ട് മാസം വരെ 72 ദേവാലയങ്ങളിൽ നടന്നു വരുന്നു.
- ❖ കൊല്ലം ജില്ലയിൽ ഹരിത സമൃദ്ധി വാർഡ് പ്രവർത്തനങ്ങൾക്കായി ജില്ലയിൽ 220 വാർഡുകളെയാണ് തിരഞ്ഞെടുത്തിരുന്നത്. എല്ലാ വാർഡുകളിലും പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. മേയ് മാസത്തിൽ 48 വാർഡുകൾ കൂടി ഹരിതസമൃദ്ധി വാർഡുകളായി പ്രഖ്യാപിച്ചു.
- ❖ പത്തനംതിട്ട ജില്ലയിൽ ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 5 വാർഡുകളിലായി ഒരു ഏക്കർ സ്ഥലം കൃഷിക്ക് അനുയോജ്യമാക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു.
- ❖ പത്തനംതിട്ട ജില്ലയിൽ പുറമറ്റം ഗ്രാമപഞ്ചായത്തിലെ പതിമൂന്നാം വാർഡ് തരിശ് കിടക്കുന്ന സ്ഥലത്ത് കുടുംബശ്രീ, തൊഴിലുറപ്പ് വഴി പച്ചക്കറി തൈകൾ നട്ടു പിടിപ്പിച്ചു.
- ❖ പത്തനംതിട്ട ജില്ലയിൽ ഏഴംകുളം, കടമ്പനാട്, അരുവാപ്പുലം, പ്രമാടം, എന്നീ ഗ്രാമപഞ്ചായത്തുകളിലും അടൂർ മുൻസിപാലിറ്റിയിലും ഹരിത സമൃദ്ധി വാർഡ് തരിശ് രഹിത ഗ്രാമം പദ്ധതി പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിൽ വാർഡ് 4 ഹരിത സമൃദ്ധി വാർഡായി മാറ്റുന്നതിനുള്ള പ്രവർത്തനത്തിനായി ഒരു ഏക്കർ സ്ഥലത്ത് കൃഷിയ്ക്ക് തുടക്കം കുറിച്ചു.
- ❖ തൃശ്ശൂർ ജില്ലയിൽ മേയ് മാസം വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലായി 106 വാർഡുകളിലെ 100% വീടുകളിലും തൈകൾ, വിത്തുകൾ എന്നിവ വിതരണം നടത്തി.

| ഹരിത സമൃദ്ധി വാർഡ് / തരിശു രഹിത ഗ്രാമം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 42 | 118 | 147 | 196 | 461 | 0 | 0 | 0 | 0 | 140 | 506 |
| തെങ്ങിന് തടം മണ്ണിന് ജലം | | | | | | | | | | |
| 2 | 24 | 16 | 42 | 82 | 0 | 0 | 0 | 0 | 35 | 83 |

## 11. ശുചിത്വ മാലിന്യ സംസ്കരണം

- ❖ തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിൽ ടേക്ക് എ ബ്രേക്ക് ഉദ്ഘാടനം ഗ്രാമപഞ്ചായത് പ്രസിഡന്റ് നിർവഹിച്ചു.
- ❖ ഇടുക്കി ജില്ലയിൽ മൂന്നാർ ഗ്രീൻ കോറിഡോറിന്റെ ഭാഗമായി പള്ളിവാസൽ ഗ്രാമപഞ്ചായത്തിലെ കൂമ്പൻപാറയിൽ സ്ഥിതിചെയ്യുന്ന ചെക്ക് പോയിന്റ് ഹൈവേയുടെ ജോലികൾ നടക്കുന്നതിനാൽ താൽക്കാലികമായി മാറ്റി സ്ഥാപിക്കണമെന്ന് നിർദേശം നൽകി.
- ❖ ഇടുക്കി ജില്ലയിൽ ഉടുമ്പന്നൂർ പഞ്ചായത്തിലെ ഹരിതഭവനം പദ്ധതിയുടെ ഭാഗമായി 14 വീടുകൾ ഹരിത ഭവനങ്ങളായി പ്രഖ്യാപിച്ചുകൊണ്ടുള്ള സ്റ്റിക്കറുകൾ പഞ്ചായത്ത് പതിപ്പിച്ചു . മാലിന്യ സംസ്കരണ ഉപാധികൾ നൽകിയും വിജയകരമായി ഇവ പ്രവർത്തിക്കുന്ന വീടുകളിലാണ് പഞ്ചായത്ത് ഹരിത ഭവന സ്റ്റിക്കറുകൾ പതിക്കുന്നത്.
- ❖ എറണാകുളം ജില്ലയിൽ മാലിന്യമുക്തം നവകേരളം പദ്ധതിയിൽ ഉൾപെടുത്തി പൂത്തോട്ട KPM ഹൈസ്കൂളിന് ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് പണിത് നൽകിയ തുമ്പൂർമുഴി മോഡൽ ജൈവമാലിന്യ സംസ്കരണ പ്ലാന്റിന്റെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു.

- ❖ തൃശൂർ ജില്ലയിൽ ചാവക്കാട് നഗരസഭ കേന്ദ്രീകൃത ജൈവ മാലിന്യ സംസ്കരണ പ്ലാന്റിന്റെ ഉദ്ഘാടനം തദ്ദേശ വകുപ്പ് മന്ത്രി എം.ബി. രാജേഷ് നിർവഹിച്ചു.
- ❖ തൃശൂർ ജില്ലയിൽ പറപ്പൂക്കര ഗ്രാമപഞ്ചായത്ത് ശുചിത്വപൂരം പരിപാടി പുതുക്കാട് MLA കെ.കെ.രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു.
- ❖ തൃശൂർ ജില്ലയിൽ കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരത്ത് പ്ലാസ്റ്റിക് ബോട്ടിലുകൾ ഉപയോഗിച്ച് ബോട്ടിൽ കൂടാരവും പഴയ ടയറുകൾ ഉപയോഗിച്ച് ഇരിപ്പിടങ്ങളും നിർമ്മിച്ചു.
- ❖ കോഴിക്കോട് ജില്ലയിൽ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളിൽ സംസ്ഥാനത്ത് മികച്ച മൂന്നാമത്തെ ബ്ലോക്ക് പഞ്ചായത്തായി തിരഞ്ഞെടുക്കപ്പെട്ട കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിനെ ആദരിക്കുന്ന പരിപാടി മേയ് 9ന് പട്ടികജാതി പട്ടികവർഗ പിന്നോക്കക്ഷേമ വകുപ്പ് മന്ത്രി ഒ ആർ കേളു ഉദ്ഘാടനം ചെയ്തു.
- ❖ കണ്ണൂർ ജില്ലയിൽ ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ മികച്ച ഇടപെടൽ നടത്തിയ കണ്ണൂർ മെഡിക്കൽ കോളേജിലെ ശുചീകരണ തൊഴിലാളികളെ ആദരിച്ചു.

## 11.1 ഹരിത ടൂറിസം

- ❖ മേയ് മാസം വരെ കേരളത്തിലെ എല്ലാ ജില്ലയിലും ഉൾപ്പെട്ട 341 ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിൽ 81.38% ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായിട്ടുണ്ട്.

| ജില്ല | ഹരിത ടൂറിസം | | |
|---|---|---|---|
| | ആകെ കേന്ദ്രങ്ങളുടെ എണ്ണം | എത്ര ടൂറിസം ഡെസ്റ്റിനേഷൻ പ്രഖ്യാപനം നടന്നു | ശതമാന കണക്കിൽ |
| തിരുവനന്തപുരം | 31 | 13 | 41.94% |
| കൊല്ലം | 32 | 20 | 62.50% |
| പത്തനംതിട്ട | 7 | 3 | 42.86% |
| ആലപ്പുഴ | 16 | 14 | 87.50% |
| കോട്ടയം | 29 | 20 | 68.97% |
| ഇടുക്കി | 58 | 52 | 89.66% |
| എറണാകുളം | 29 | 17 | 58.62% |
| തൃശൂർ | 48 | 40 | 83.33% |
| പാലക്കാട് | 37 | 37 | 100.00% |
| മലപ്പുറം | 38 | 32 | 84.21% |
| കോഴിക്കോട് | 29 | 29 | 100.00% |
| വയനാട് | 16 | 16 | 100.00% |
| കണ്ണൂർ | 34 | 34 | 100.00% |
| കാസർഗോഡ് | 15 | 14 | 93.33% |
| ആകെ | 419 | 341 | 81.38% |

- ❖ തിരുവനന്തപുരം ജില്ലയിൽ ഫോർട്ട് പുത്തൻ മാളിക പാലസ് (കുതിരമാളിക), ടൂറിസം ടെസ്റ്റിനേഷൻ ഹരിത ടൂറിസം ടെസ്റ്റിനേഷനായി പ്രഖ്യാപിച്ചു.
- ❖ എറണാകുളം ജില്ലയിൽ തിരഞ്ഞെടുത്ത 31 ടൂറിസ കേന്ദ്രങ്ങളിൽ 17 ടൂറിസ കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖാപിച്ചു.
- ❖ തൃശൂർ ജില്ലയിൽ ഹരിത ടൂറിസം കേന്ദ്രമായ വാഴാനി ഡാമിൽ കുട്ടവഞ്ചി സവാരിയുടെ ഉദ്ഘാടനം വടക്കാഞ്ചേരി നിയോജകമണ്ഡലം MLA സേവിയർ ചിറ്റിലപ്പള്ളി നിർവഹിച്ചു.
- ❖ മലപ്പുറം ജില്ലയിൽ മേയ് മാസം ഇറ നേച്ചർ പാർക്ക്, കെട്ടുങ്ങൽ ബീച്ച് എന്നീ കേന്ദ്രങ്ങൾ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ തിരഞ്ഞെടുത്ത ടൂറിസ കേന്ദ്രങ്ങളിൽ അവശേഷിക്കുന്ന കാഞ്ഞങ്ങാട് ടൗൺ സ്വകയറിൽ ഒരു ഭാഗം മാത്രമാണ് ഇപ്പോൾ പ്രവർത്തന സജ്ജമായിട്ടുള്ളത്. മൊത്തം ഏരിയ നിർമ്മാണ പ്രവർത്തനം പൂർത്തിയാകാത്തതിനാലാണ് പ്രഖ്യാപനം വൈകുന്നത്.

### 11.2 ഹരിത ഗ്രന്ഥശാലകൾ

ഹരിത ഗ്രന്ഥശാലയുമായി ബന്ധപ്പെട്ട് നടപ്പാക്കേണ്ട പ്രവർത്തനങ്ങളിൽ മാർഗ്ഗരേഖ ഹരിത കേരളം മിഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട്. മാർഗ്ഗരേഖയിൽ ചുവടെ പറയുന്ന നിർദേശങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്.

- ❖ ഭക്ഷണമാലിന്യം ശേഖരിക്കാൻ പ്രത്യേകം ബിൻ സ്ഥാപിക്കൽ, ശേഖരിക്കുന്ന ഭക്ഷണമാലിന്യങ്ങൾ കമ്പോസ്റ്റാക്കി മാറ്റുന്നതിന് അനുയോജ്യമായ ഏതെങ്കിലും കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ ഒരുക്കി ഇതിൽ നിന്നു ലഭിക്കുന്ന വളം ഉപയോഗിച്ച് പൂന്തോട്ടം, കൃഷി തുടങ്ങിയവ നടത്തണം.
- ❖ ഗ്രന്ഥശാലയിൽ ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്കുകൾക്ക് സമ്പൂർണ നിരോധനം ഏർപ്പെടുത്തൽ, നടക്കുന്ന പരിപാടികളിൽ കുപ്പിവെള്ളം, പ്ലാസ്റ്റിക് കപ്പുകൾ, പേപ്പർ കപ്പുകൾ, പ്ലാസ്റ്റിക് സ്ട്രോ, പ്ലാസ്റ്റിക് സ്പൂൺ, ഡിസ്പോസബിൾ പ്ലേറ്റുകൾ തുടങ്ങിയവ പൂർണമായും ഒഴിവാക്കണം.
- ❖ ഗ്രന്ഥശാലയുടെ മുൻപാകെ തന്നെ വാട്ടർ ഡിസ്പെൻസർ, വാട്ടർ പ്യൂരിഫയർ എന്നിവ സ്ഥാപിക്കലും, സ്റ്റീൽ ഗ്ലാസുകൾ, പ്ലേറ്റുകൾ, ജാർ തുടങ്ങിയവ വാങ്ങി സൂക്ഷിക്കലും ചെയ്യണം.
- ❖ ഭക്ഷണ വിതരണത്തിനായി ചുമതലപ്പെടുത്തുന്നവരോട് ഒറ്റത്തവണ ഉപയോഗ സാധനങ്ങൾ പൂർണമായും ഒഴിവാക്കണമെന്ന കർശന നിബന്ധന വയ്ക്കണം.
- ❖ പരിപാടികൾ നടത്തുമ്പോൾ ഉപയോഗിക്കുന്ന ബാനറുകൾ നിരോധിത പി.വി.സി. ഫ്ലക്സ് കൊണ്ട് നിർമ്മിച്ചവയല്ല എന്ന് ഉറപ്പാക്കൽ, തുണിബാനർ ഉപയോഗിക്കാൻ ശ്രമിക്കുകയോ പ്രകൃതി സൗഹൃദ വസ്തുക്കൾ കൊണ്ടുള്ള ബാനറുകൾ ഉപയോഗിക്കുകയോ ചെയ്യണം.
- ❖ തോരണം ഉൾപ്പെടെയുള്ള അലങ്കാരങ്ങൾ പ്രകൃതി സൗഹൃദ വസ്തുക്കൾ കൊണ്ടു നിർമ്മിച്ചവയോ പുനരുപയോഗ സാധ്യമായവയോ ആണെന്ന് ഉറപ്പുവരുത്തണം..
- ❖ പായ്ക്കിംഗ് മെറ്റീരിയൽ ഉൾപ്പെടെയുള്ള പ്ലാസ്റ്റിക് വസ്തുക്കൾ കൃത്യമായി തരംതിരിച്ച് സൂക്ഷിക്കാൻ ബിന്നുകൾ സ്ഥാപിക്കുകയും അവ ഹരിത കർമസേന വഴി യൂസർഫീ നൽകി കൈമാറുകയും ചെയ്യണം.
- ❖ ഒരു തരത്തിലുള്ള മാലിന്യങ്ങളും വലിച്ചെറിയുകയോ കത്തിക്കുകയോ ചെയ്യുന്നില്ല എന്ന് ഉറപ്പാക്കൽ, ഗ്രന്ഥശാലയിലെ ടോയ്‌ലെറ്റ് വൃത്തിയുള്ളതും ജലലഭ്യതയുള്ളതുമായി സൂക്ഷിക്കണം.
- ❖ ജലത്തിന്റെയും വൈദ്യുതിയുടെയും മിതോപയോഗം ഉറപ്പുവരുത്തൽ, പുറത്തുനിന്നുള്ള സംഘടനകളോ വ്യക്തികളോ ആണ് പരിപാടികൾ നടത്തുന്നതെങ്കിൽ ഗ്രന്ഥശാലാ പരിസരമോ ഹാളുകളോ അനുവദിക്കുമ്പോൾ ഇക്കാര്യം ഉറപ്പാക്കിയ ശേഷം മാത്രം അനുമതി കൊടുക്കണം.
- ❖ ടോയ്‌ലെറ്റ്, വാഷ് ബെയ്സിൻ എന്നിവിടങ്ങളിൽ നിന്ന് വരുന്ന മലിനജലം ഒരു കാരണവശാലും പുറത്തേയ്ക്ക് ഒഴുക്കാതെ സുരക്ഷിതമായി സംസ്കരിക്കുന്നതിനുള്ള സംവിധാനം ഒരുക്കണം.
- ❖ ഗ്രന്ഥശാലയും പരിസരവും എപ്പോഴും വൃത്തിയായി സൂക്ഷിക്കുകയും സ്ഥലലഭ്യതയ്ക്കനുസരിച്ച് പൂന്തോട്ടം, പാർക്ക്, ചിത്രച്ചുവരുകൾ തുടങ്ങിയവ നിർമ്മിച്ച് സൗന്ദര്യവത്ക്കരിക്കുകയും ചെയ്യണം..
- ❖ ഗ്രന്ഥശാലയിലും പരിസരത്തും പാലിയ്ക്കേണ്ട ഹരിത പെരുമാറ്റച്ചട്ടങ്ങൾ സംബന്ധിച്ച് അറിയിപ്പ് ബോർഡ് സ്ഥാപിക്കൽ, ഹരിത ഗ്രന്ഥശാലയായി പ്രഖ്യാപിച്ചാൽ ബോർഡ് സ്ഥാപിക്കണം.
- ❖ ഗ്രന്ഥശാലാ പ്രവർത്തകരുടെ മുഴുവൻ പേരുടേയും വീടുകൾ മാലിന്യ സംസ്കരണത്തിന്റെ മാതൃകാ ഭവനങ്ങളാക്കണം. (മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ, തരംതിരിക്കൽ, സംസ്കരിക്കൽ, ഹരിതചട്ടം പാലിച്ച് ശുചിത്വഭവനങ്ങളാകുന്നതിന് പരിശീലനം നൽകും).
- ❖ ശുചിത്വ ഭവനങ്ങളുടെ അടുത്ത ഘട്ടം എന്ന നിലയിൽ ഈ വീടുകളെ ഹരിത ഭവനങ്ങളാക്കി മാറ്റൽ. (പച്ചക്കറികൃഷി, ജലമിതോപയോഗം, വൈദ്യുതി ഉപയോഗം കുറയ്ക്കൽ, ഹരിത ഊർജ സാധ്യത പ്രയോജനപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ കൂടി നടപ്പിലാക്കി ശുചിത്വ ഭവനങ്ങളെ ഹരിത ഭവനങ്ങളാക്കാം.
- ❖ ഹരിത ഗ്രന്ഥശാലാ പ്രവർത്തനങ്ങൾ പൂർത്തിയായാൽ താലൂക്ക് ലൈബ്രറി കൗൺസിൽ വഴി അപേക്ഷിക്കുന്ന ഗ്രന്ഥശാലകൾക്ക് ഹരിതകേരളം മിഷന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ വിലയിരുത്തി ഹരിത ഗ്രന്ഥശാല സാക്ഷ്യപത്രം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് ഇതുപ്രകാരം കേരളത്തിലെ 7061 ഗ്രന്ഥശാലകളിൽ നിന്നും 3112 ഗ്രന്ഥശാലകൾ ഹരിത ഗ്രന്ഥശാലയായി പ്രഖ്യാപിച്ചിട്ടുണ്ട്.

- ❖ കൊല്ലം ജില്ലയിൽ 760 ഗ്രന്ഥശാലകളെയാണ് ഹരിത ഗ്രന്ഥശാലകളാക്കി മാറ്റുന്നതിനായി തിരഞ്ഞെടുത്തിരുന്നത്. ആയതിൽ 336 ഗ്രന്ഥശാലകൾ ഹരിത പദവി കരസ്ഥമാക്കിയിട്ടുണ്ട്.
- ❖ പത്തനംതിട്ട ജില്ലയിൽ ഈ മാസം മലയാലപ്പുഴ ഗ്രാമപഞ്ചായത്തിലെ 4 ഗ്രന്ഥശാലകളിൽ ഇൻസ്പെക്ഷൻ നടത്തി വിലയിരുത്തൽ നടത്തിയതിൽ നിന്നും ഒരു ഗ്രന്ഥശാലക്ക് എ പ്ലസ് ഗ്രേഡ് ലഭിച്ചു.
- ❖ ഇടുക്കി ജില്ലയിൽ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിലും ആലക്കോട് ഗ്രാമപഞ്ചായത്തിലും ഹരിത ഗ്രന്ഥശാല പ്രവർത്തനങ്ങൾ ആരംഭിച്ചു.
- ❖ എറണാകുളം ജില്ലയിൽ കൊച്ചി കോർപ്പറേഷനിലെ എറണാകുളം ടിഡിഎം ഹാളിന് സമീപത്തെ വനിതാ സമാജം ലൈബ്രറിയിൽ ഹരിത ഗ്രേഡിങ് പൂർത്തീയാക്കി ഹരിത ഗ്രന്ഥശാല സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു.
- ❖ വയനാട് ജില്ലയിൽ പൂതാടി ഗ്രാമപഞ്ചായത്തിലെ മുഴുവൻ ലൈബ്രറികളേയും ഹരിത ലൈബ്രറികളായി പ്രഖ്യാപിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ ഹരിതഗ്രന്ഥാലയം പ്രവർത്തനങ്ങൾക്ക് പുതിയ താലൂക്ക് തല ഗ്രന്ഥശാല സമിതിയുമായി ചർച്ച നടത്തിയിട്ടുണ്ട്. ജില്ലാ കൗൺസിൽ രൂപീകരിക്കുന്ന മുറയ്ക്ക് തുടർപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ കഴിയും. 8 ഗ്രന്ഥാലയങ്ങൾക്ക് മേയ് മാസം സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്.

## 12. അഞ്ചുനാട് പരിസ്ഥിതി പുന:സ്ഥാപന പദ്ധതി (അഞ്ചുനാടു ഭൂപ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലനവും സുസ്ഥിര ഉപജീവനവും - തുടർ പ്രവർത്തനങ്ങൾ)

### 12.1 നെൽകൃഷി വികസനം – കൊരങ്ങാട്ടി

- ❖ കൊരങ്ങാട്ടി പാടശേഖരത്തിൽ ജലസേചന വകുപ്പിന്റെ പദ്ധതി പ്രവർത്തനങ്ങൾ 80 ശതമാനവും പൂർത്തിയായി. പ്രധാന ജോലികളായ തോട് വീതികൂട്ടൽ, രണ്ടു പാലങ്ങൾ വീതി കൂട്ടൽ, ചെക്ക് ഡാം പ്രവർത്തനങ്ങൾ എന്നിവ പൂർത്തിയായി, തോടിന്റെ സൈഡ് കെട്ട് ജോലികളും കനാൽ അറ്റകുറ്റപ്പണികളും പൂർത്തിയാവാൻ ഉള്ളത്.
- ❖ റോഡിന് വീതി കൂടിയതോടെ, തോട്ടിലെ ഒഴുക്ക് പുനസ്ഥാപിക്കപ്പെട്ടു. ഈ വെള്ളം തടയണ കെട്ടിത്തിരിച്ചത്തിലൂടെ ഇപ്രാവശ്യം 2 ഏക്കറിൽ പുഞ്ച കൃഷി ഇറക്കി. പാടശേഖരം പുനരുജീവന പ്രവർത്തനങ്ങൾ ആരംഭിച്ചതിനുശേഷം ആദ്യമായിട്ടാണ് പാടശേഖരത്തിൽ പുഞ്ച കൃഷി ഇറക്കുന്നത്.
- ❖ പാടശേഖരത്തിൽ ഒരേക്കറിൽ ആദ്യഘട്ട തരിശുഭൂമി കൃഷിയോഗ്യമാക്കൽ തൊഴിലുറപ്പ് പ്രവർത്തനങ്ങൾ ആരംഭിച്ചു.

### 12.2 നെൽകൃഷി വികസനം – കട്ടമുടി ട്രൈബൽ സെറ്റിൽമെന്റ്

- ❖ കർഷകർക്ക് ഇതുവരെയും കൃഷിവകുപ്പിൽ നിന്ന് കിട്ടേണ്ട സബ്സിഡി അടക്കമുള്ള ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി കർഷകരുടെ യോഗം ചേരുകയും, വിഷയം കൃഷിവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു.
- ❖ അടിമാലി ഫെസ്റ്റിൽ വില്പന നടത്തുന്നതിനായി 69kg കുഞ്ചിപ്പെട്ടി അരി സംഭരിക്കുന്ന നടപടികൾ ഏകോപിപ്പിച്ചു.
- ❖ കട്ടുമുടി ട്രൈബൽ സെറ്റിൽമെന്റിലെ കട്ടമുടി കുടിയിൽ 15 ഏക്കർ തരിശുഭൂമിയിൽ നെൽകൃഷി ആരംഭിക്കുന്നത് സംബന്ധിച്ച് കർഷകരുടെ വിപുലമായ യോഗം സംഘടിപ്പിച്ചു, പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള ധാരണ ഉണ്ടാക്കുകയും ചെയ്തു.
- ❖ കട്ടമുടിക്കുടി, കുഞ്ചിപ്പെട്ടിക്കുടി എന്നീ രണ്ടു കുടികളിലും ചെറുധാന്യങ്ങൾ മുൻപ് കൃഷി ചെയ്തിരുന്ന സ്ഥലത്ത് വീണ്ടും കൃഷി ആരംഭിക്കുന്നത്തിന് കൃഷിഭവനുമായി ഇടപെടലുകൾ നടത്തി . ഇതിന്റെ ഭാഗമായി ഈ വർഷം ബ്ലോക്ക് തലത്തിൽ 7 ലക്ഷം രൂപയുടെ പ്രത്യേക പദ്ധതിക്ക് കൃഷിഭവൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

❖ കുഞ്ചിപ്പെട്ടിക്കുടി പാടശേഖരസമിതിക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് വഴി 7 ലക്ഷം രൂപയുടെ വിവിധ ചെറുകിട കാർഷിക യന്ത്രങ്ങൾ പൂർണ്ണമായും വിതരണം ചെയ്തു.

### 12.3 സുസ്ഥിര കരിമ്പ് കൃഷി (Sustainable Sugarcane Initiative - SSI) – മറയൂർ

❖ SSI കരിമ്പ് കൃഷി തോട്ടങ്ങളിൽ അനുയോജ്യമായ കാർഷിക യന്ത്രങ്ങൾ പരിചയപ്പെടുത്തുന്നത് സംബന്ധിച്ച പരിപാടി ജൂൺ മാസം സംഘടിപ്പിക്കും .

### 12.4 മാലിന്യ സംസ്കരണം – മൂന്നാർ

❖ മെഗാ ക്ലീനപ്പ് ഡ്രൈവിനു ശേഷം മാലിന്യ സംസ്കരണത്തിൽ മൂന്നാർ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ട അടിയന്തരവും ദീർഘകാല അടിസ്ഥാനത്തിലുള്ളതുമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയ സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കി.

### 12.5 മാലിന്യ സംസ്കരണം – ചിന്നക്കനാൽ

❖ ഹരിത കർമ്മ സേന കൂടുതൽ കാര്യക്ഷമമായി വീടുകളിൽ നിന്നും മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കാൻ ആരംഭിച്ചു.

### 12.6 നീലക്കുറിഞ്ഞി ജൈവവൈവിധ്യ പഠനോത്സവം 2025

❖ ജൈവവൈവിധ്യ ദിനത്തോടനുബ ന്ധിച്ച് ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ നീലക്കുറിഞ്ഞി ജൈവവൈവിധ്യ പഠനോത്സവം സംഘടിപ്പിച്ചു. മേയ് 16, 17, 18 തീയതികളിലായി അടിമാലിയിലെ നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രത്തിലും മൂന്നാറിലുമായാണ് ത്രിദിന പഠന ക്യാമ്പ് സംഘടിപ്പിച്ചത്. കുട്ടികളിൽ ജൈവവൈവിധ്യ അവബോധവും പരിസ്ഥിതി സംരക്ഷണ ശ്രമങ്ങളും പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ടാണ് പരിപാടി.

❖ ഇടുക്കി അടിമാലിയിൽ യുഎൻഡിപി പദ്ധതിയിൽ ഉൾപ്പെടുത്തി ഹരിതകേരളം മിഷൻ സ്ഥാപിച്ച നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാന പഠനകേന്ദ്ര ത്തിന്റെ കമ്യൂണിറ്റി തല പരിപാടികളുടെ ഭാഗമായാണ് പഠനോത്സവം സംഘടിപ്പിച്ചത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 7,8,9 ക്ലാസ്സുകളിലെ സ്കൂൾ വിദ്യാർത്ഥികൾക്കായി ജില്ലകളിൽ സംഘടിപ്പിച്ച ബ്ലോക്ക് - ജില്ലാതല മെഗാ ക്വിസ്, ഓപ്പൺ ആക്ടിവിറ്റി മത്സരങ്ങളിൽ വിജയികളായവരാണ് സംസ്ഥാനതല പഠനോത്സവത്തിൽ പങ്കെടുത്തത്. പരിസ്ഥിതി, ജൈവവൈവിധ്യം എന്നീ വിഷയങ്ങളെ അധികരിച്ചായിരുന്നു ബ്ലോക്ക്, ജില്ലാ തല ക്വിസ് മത്സരം സംഘടിപ്പിച്ചത്. തദ്ദേശസ്ഥാപന തലത്തിൽ പങ്കെടുത്ത 4318 പേരിൽ നിന്നും മത്സര വിജയികളായ 608 കുട്ടികളെ ഉൾപ്പെടുത്തി നടത്തിയ ജില്ലാതല ക്വിസ് മത്സരങ്ങളിൽ വിജയികളായ 60 വിദ്യാർത്ഥികളാണ് സംസ്ഥാന പഠനോത്സവത്തിനെത്തിയത്.

❖ വലിയ ക്യാൻവാസിൽ പരിസ്ഥിതിയുമായി ബന്ധപ്പെട്ട മനോഹരമായ ചിത്രങ്ങൾ വരച്ചു കൊണ്ട് കുട്ടികൾ തന്നെയാണ് പഠന ക്യാമ്പ് ഉദ്ഘാടനം ചെയ്തത്. നമ്മുടെ രാജ്യത്തെ വൈവിധ്യമാർന്ന നീലക്കുറിഞ്ഞികളെ കുറിച്ച് പ്രൊഫ. ജോമി അഗസ്റ്റ്യൻ കുട്ടികളുമായി സംവദിച്ചു. പശ്ചിമഘട്ടത്തിലെ പ്രത്യേകിച്ച് മുന്നാറിലെ അതുല്യമായ ജൈവവൈവിധ്യ സവിശേഷതകൾ കൂട്ടികൾക് പകർന്നു നൽകുവാൻ നീലക്കുറിഞ്ഞി ജൈവ വൈവിധ്യ വിജ്ഞാനകേന്ദ്രത്തിന് സാധ്യമായിട്ടുണ്ട്. മൂന്നാറിന്റെ നിത്യഹരിത വനമേഖലയുടെ ഭാഗമായ, ആനകൾ സ്ഥിരമായി വെള്ളം കുടിക്കാൻ എത്തുന്ന 'ആനക്കുളം' യാത്രയും സംഘടിപ്പിച്ചു. ഇരവികുളം ദേശീയ ഉദ്യാന സന്ദർശനവും അവിടെവച്ച് നടത്തിയ പക്ഷി, ഉരഗ, ശലഭ, സസ്യ നിരീക്ഷണ പ്രവർത്തനങ്ങളും കുട്ടികൾക്ക് വൈവിധ്യവും തദ്ദേശീയവുമായ അനേകം ജീവജാലങ്ങളെ കാണാനും അവയുടെ സവിശേഷതകൾ മനസ്സിലാക്കാനും പശ്ചിമഘട്ടത്തിന്റെ ഉള്ളറിഞ്ഞുള്ള യാത്രാരീതികൾ പരിശീലിക്കാനും ഉള്ള അവസരമായി, കേരളത്തിലെ കന്നുകാലി ബീജോത്പാദന കേന്ദ്രങ്ങളിൽ പ്രധാനപ്പെട്ട മാട്ടുപ്പെട്ടി ഇൻഡോ-സ്വിസ് ഫാം സന്ദർശിക്കുകയും ആധുനികവും ശാസ്ത്രീ യവുമായ പശു പരിപാലന രീതികൾ പരിചയപ്പെടുകയും ചെയ്തു. ജൈവ വൈവിധ്യവുമായി ബന്ധപ്പെട്ട വിനോദവും വിജ്ഞാനവും കോർത്തിണക്കിയുള്ള ക്ലാസുകൾക്ക് ബയോളജിസ്റ്റുകളായ ഡോ. സുജിത്ത്, അലൻ, ആൽബിൻ എന്നിവർ നേതൃത്വം നൽകി. മൂന്നു ദിവസങ്ങളിലായി നടന്ന

ജൈവവൈവിധ്യ ക്ലാസുകൾ, ഫീൽഡ് സന്ദർശനങ്ങൾ, വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ എന്നിവയിൽ നിന്നുമുള്ള കണ്ടെത്തലുകളുടെയും നിഗമനങ്ങളുടെയും അവതരണങ്ങളും, കലാപ്രകടനങ്ങളും ക്യാമ്പിൽ നടന്നു. പഠനോത്സവത്തിൽ പങ്കെടുത്ത കുട്ടികളെ ഹരിത അംബാസിഡർമാരായി പ്രഖ്യാപിച്ചുകൊണ്ട് പ്രത്യേക ബാഡ്ജും സർട്ടിഫിക്കറ്റും നൽകി ആദരിച്ചു.

### 12.7. നീലക്കുറിഞ്ഞി ജൈവവൈവിധ്യ പഠന കേന്ദ്രം & അടിമാലി ഫെസ്റ്റ്

- അടിമാലി ഗ്രാമപഞ്ചായത്ത് സംഘടിപ്പിച്ച വ്യാപാര, പ്രദർശന, വിനോദ മേളയായ അടിമാലി ഫെസ്റ്റിന്റെ ഭാഗവാക്കായി.
- ഫെസ്റ്റിന്റെ ഭാഗമായി നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാനകേന്ദ്രം സഞ്ചാരികൾക്കായി സൗജന്യമായി തുറന്നു കൊടുത്തു. 10 ദിവസങ്ങളിലായി നടന്ന അടിമാലി ഫെസ്റ്റിന് എത്തിയ 15,000 ലധികം പൊതുജനങ്ങൾ കേന്ദ്രം സന്ദർശിച്ചു.
- മറയൂർ ട്രൈബൽ വെൽഫെയർ സൊസൈറ്റിയുടെ ഉൽപ്പന്നങ്ങളും കുഞ്ചിപ്പെട്ടിക്കുടി പാടശേഖരസമിതിയുടെ കുഞ്ചിപ്പെട്ടി അരിയും അടിമാലി ഫെസ്റ്റിൽ പ്രത്യേക വിപണന സ്റ്റാളിലൂടെ വില്പന നടത്തുന്നതിന് ആവശ്യമായ സജീകരണങ്ങൾ ഒരുക്കി. സ്റ്റാളിൽ 10 ദിവസങ്ങളിലായി ആകെ 24400 രൂപയുടെ വിൽപ്പന നടന്നു.

## 13. ഗ്രീൻ പ്രോട്ടോകോൾ

- ആലപ്പുഴ ജില്ലയിൽ എടത്വ ഗ്രാമപഞ്ചായത്തിലെ എടത്വ പള്ളിയിൽ പള്ളി പെരുന്നാൾ ഹരിത പ്രോട്ടോകോൾ പാലിച്ചു നടത്തി.
- എറണാകുളം ജില്ലയിൽ ടിഡിഎം ഹാളിന് സമീപത്ത് വനിതാ സമാജം ലൈബ്രറിയിൽ ഹരിത സംവാദം നടത്തി.
- എറണാകുളം ജില്ലയിൽ മുളന്തുരുത്തി ശ്രീനാരായണ ഗുരുദേവ ക്ഷേത്രത്തിലെ പ്രതിഷ്ഠാ വാർഷിക മഹോത്സവം ഹരിത പ്രോട്ടോകോൾ പാലിച്ച് നടത്തി.
- മലപ്പുറം ജില്ലയിൽ ആയിരങ്ങൾ പങ്കെടുത്ത മൂന്നിയൂർ കളിയാട്ട മഹോത്സവം പൂർണ്ണ ഹരിത ചട്ടം പാലിച്ചുകൊണ്ട് നടത്തി.

## 14. തനത് പ്രവർത്തനങ്ങൾ

### 14.1 സുസ്ഥിര തൃത്താല

തൃത്താല അസംബ്ലി നിയോജക മണ്ഡലത്തിൽ പരിസ്ഥിതി, കൃഷി, ജലസംരക്ഷണം, ശുചിത്വം, മാലിന്യ സംസ്കരണം, ഹരിത ടൂറിസം എന്നീ മേഖലകൾ സംയോജിപ്പിച്ച് സുസ്ഥിരവും സമഗ്രവുമായ വികസനം ഉറപ്പാക്കുന്നതിന് നടപ്പിലാക്കുന്ന സംയോജിത പദ്ധതിയാണ് സുസ്ഥിര തൃത്താല.

**സുസ്ഥിര തൃത്താല പദ്ധതിയുമായി ബന്ധപ്പെട്ട് മേയ് മാസത്തിൽ നടന്ന പരിപാടികൾ**

- 2025 മേയ് 15 നു സുസ്ഥിര തൃത്താല പദ്ധതിയുടെ അവലോകന യോഗം MGNREGS മിഷൻ ഡയറക്ടർ എ.നിസാമുദ്ധീൻ IAS-ന്റെ അധ്യക്ഷതയിൽ ചേർന്നു.
- 2025 മേയ് 22 നു സുസ്ഥിര തൃത്താല പദ്ധതിയുടെ നേട്ടങ്ങളുടെ പ്രഖ്യാപന പരിപാടിയുടെ സംഘാടക സമിതി യോഗം നടന്നു.
- 2025 മേയ് 27 നു സുസ്ഥിര തൃത്താല പദ്ധതിയുടെ ആശയവിനിമയ ശിൽപശാലയും നേട്ടങ്ങളുടെ പ്രഖ്യാപനവും നടന്നു.

**സുസ്ഥിരം 2025**

- സുസ്ഥിര തൃത്താല പദ്ധതിയുടെ ആശയവിനിമയ ശിൽപശാലയും നേട്ടങ്ങളുടെ പ്രഖ്യാപനവും 2025 മേയ് 27 നു പരുതൂർ സർവ്വീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ തദ്ദേശ സ്വയംഭരണ എക്സൈസ് പാർലിമെന്ററി കാര്യവകുപ്പ് മന്ത്രി എം.ബി.രാജേഷ് ഉദ്ഘാടനവും പ്രവർത്തനങ്ങളുടെ പൂർത്തീകരണ പ്രഖ്യാപനവും നിർവ്വഹിച്ചു. സുസ്ഥിര തൃത്താല പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിൽ വിവിധ

മേഖലകളിൽ നടന്ന മാതൃകാപരമായി പ്രവർത്തനങ്ങളുടെ വീഡിയോ പ്രദർശനം നടന്നു, MGNREGS മിഷൻ ഡയറക്ടർ സുസ്ഥിര തൃത്താല പദ്ധതിയുടെ റിപ്പോർട്ട് അവതരണം നടത്തി.

❖ ശിൽപശാലയിൽ വിവിധ വകുപ്പുകൾ ഇതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി റിപ്പോർട്ടും അടുത്ത ഒരു വർഷക്കാലത്തേക്ക് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ടും അവതരിപ്പിച്ചു. ഹരിത കേരളം മിഷൻ പ്രവർത്തന റിപ്പോർട്ട് നവകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ നടത്തി. വിവിധ വകുപ്പുകളുടെ അവതരണവും നടന്നു. ജൂൺ 5 അന്താരാഷ്ട്ര പരിസ്ഥിതി ദിനത്തിന് മുന്നോടിയായി വ്യാപാരികളുടെ നേതൃത്വത്തിൽ നടക്കുന്ന തൈകൾ വിതരണം പദ്ധതിയുടെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി നിർവ്വഹിച്ചു.

### 14.2 എന്റെ കേരളം 2025

❖ തൃശൂർ ജില്ലയിൽ സംസ്ഥാന സർക്കാരിന്റെ നാലാം വർഷികാഘോഷത്തോടനുബന്ധിച്ച് 'എന്റെ കേരളം 2025' പ്രദർശന വിപണന മേളയിൽ ഹരിത കേരളം മിഷൻ 2 സ്റ്റാൾ ഒരുക്കിയിരുന്നു. പൂർണമായും ഹരിതപ്രോട്ടോക്കോൾ പാലിച്ചാണ് ഹരിത കേരളം മിഷൻ സ്റ്റാൾ ഓരുക്കിയത്. ക്വാറിയിയിലെ ജലം കൃഷി ഭൂമിയിലേക്ക് എന്ന പദ്ധതിയുടെ ഭാഗമായി ക്വാറിയിൽ നിന്നും മോട്ടോർ പമ്പ് ഉപയോഗിച്ച് ക്വാറിയിലെ ജലം പാടശേഖരങ്ങളിലെ കൃഷിക്ക് ഉപയോഗിക്കുന്നതിന്റെ ഒരു പ്രവർത്തന മാതൃക സ്റ്റാളിൽ ഒരുക്കിയിരുന്നു. മറുവശത്ത് പച്ചത്തുരുത്തും നിർമ്മിച്ചു. ഡിജിറ്റൽവാളിൽ ഹരിതകേരളം മിഷൻ പ്രവർത്തന വീഡിയോകൾ മുഴുവൻ സമയവും പ്രദർശിപ്പിച്ചിരുന്നു.

❖ കണ്ണൂർ ജില്ലയിൽ 2025 മേയ് 8 മുതൽ 14 വരെ കണ്ണൂർ പോലീസ് മൈതാനിയിൽ വെച്ച് നടന്ന പ്രദർശന വിപണന മേളയിൽ ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങളെ മുൻനിർത്തി കൊണ്ട് സ്റ്റാൾ സജ്ജീകരിച്ചു. ഹരിത കേരളം മിഷന്റെ കണ്ണൂർ ജില്ലയിലെ വളരെ പ്രധാനപ്പെട്ട പ്രവർത്തനമായ കാനാമ്പുഴ പുനരുജ്ജീവനം, പാറ ക്വാറി റീചാർജിങ്, പച്ചത്തുരുത്ത് എന്നീ പ്രവർത്തനങ്ങളെ ആധാരമാക്കിയാണ് സ്റ്റാൾ ഒരുക്കിയത്.

### 14.3 ആറളം വന്യജീവി സങ്കേതത്തിൽ നീലകുറിഞ്ഞി ജില്ലാ തല സഹവാസ ക്യാമ്പ്

കണ്ണൂർ ജില്ലയിൽ ഹരിത കേരളം മിഷൻ ജില്ലാ തലത്തിൽ സംഘടിപ്പിച്ച ബ്ലോക്ക് തല പരിസ്ഥിതി ചോദ്യോത്തര പരിപാടിയിൽ വിജയിച്ച കുട്ടികളെ ഉൾപ്പെടുത്തി ആറളം വന്യജീവി സങ്കേതത്തിൽ വെച്ച് സംഘടിപ്പിക്കുന്ന സഹവാസ ക്യാമ്പ് സംഘാടനം കൊണ്ട് വ്യത്യസ്തമായി. 7, 8, 9 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ് ക്യാമ്പിൽ പങ്കെടുത്തത്. പ്രകൃതിയെ അറിയാം പ്രകൃതിയുടെ ഭാഗമാകാം എന്ന വിഷയത്തെ കേന്ദ്രീകരിച്ചാണ് സഹവാസ ക്യാമ്പ് സംഘടിപ്പിച്ചത്. അസി. വൈൽഡ് ലൈഫ് വാർഡൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഹരിത കേരളം ജില്ലാ മിഷൻ കോഡിനേറ്റർ അധ്യക്ഷത വഹിച്ചു. പരിസ്ഥിതി വിദഗ്ധർ ക്യാമ്പിന് നേതൃത്വം നൽകി. ജില്ലയിലെ വിദ്യാലയങ്ങളിലെ ഹരിത ക്യാമ്പസ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന കുട്ടികൂട്ടത്തിന് ക്യാമ്പിൽ രൂപം നൽകി.

# ലൈഫ് മിഷൻ

## ഭൗതികനേട്ടം - ഒറ്റനോട്ടത്തിൽ

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഭാഗമായി 2017 മുതൽ 31.05.2025 വരെ കരാറിലേർപ്പെട്ട 5,81,330 ഗുണഭോക്താക്കളിൽ 4,52,231 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

| ലൈഫ് മിഷൻ / വകുപ്പുകൾ | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| ലൈഫ് ഒന്നാം ഘട്ടം (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | 54,116 | 52,680 |
| ലൈഫ് രണ്ടാം ഘട്ടം + അഡീഷണൽലിസ്റ്റ് - (എസ്സി/ എസ്.ടി/ ഫിഷറീസ്) - (ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം) (പി.എം.എ.വൈ-ലൈഫ് (അർബൻ, റൂറൽ) (വിവിധ വകുപ്പുകൾമുഖേന) | 4,93,388 | 3,70,788 |
| ലൈഫ് മൂന്നാംഘട്ടം (ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ചവർ) | 32,900 | 27,837 |
| ഭവനസമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടവർ | 926 | 926 |
| **ആകെ** | **5,81,330** | **4,52,231** |

### 2024-25 വർഷത്തിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ

### വ്യക്തിഗത ഭവനം

| | |
|---|---|
| ഭൗതികലക്ഷ്യം 2025-26 (ബജറ്റ് പ്രഖ്യാപനം) | - 1,00,000 |
| 2024-25-ൽ കരാറിലേർപ്പെട്ടവരിൽ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ | - 95,922 |
| 2025-26-ൽ പുതിയതായി കരാറിലേർപ്പെട്ടവർ | - 33,777 |
| **ആകെ** | **- 1,29,699** |
| 2025-26 വർഷം പൂർത്തീകരിച്ച വീടുകൾ | - 600 |
| പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ | - 1,29,099 |
| റൂഫ് | - 13,571 |
| ലിൻറിൽ | - 13,047 |
| ബേസ്മെന്റ് | - 19,028 |
| നിർമ്മാണം ആരംഭിച്ചവർ | - 36,708 |
| നിർമ്മാണം ആരംഭിക്കാത്തവ | - 46,745 |
| **ആകെ** | **- 1,29,099** |

| 2025 ഏപ്രിൽ വരെ | 2025 മേയ് മാസം | 2025 മേയ് വരെ |
|---|---|---|
| **4,52,156** | **75** | **4,52,231** |

## അതിദാരിദ്ര്യ വിഭാഗത്തിൽപ്പെട്ടവർ (EPEP)

അതിദരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളിൽ ഭവനനിർമ്മാണത്തിനായി കരാർവെച്ച 6,160 കുടുംബങ്ങളിൽ 3,839 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

## ലൈഫ് 2020 - ഗുണഭോക്താക്കളുടെ എണ്ണം

| | |
|---|---|
| **ഭൂമിയുള്ള ഭവനരഹിതർ** | **3,66,590** |
| **ഭൂരഹിത ഭവനരഹിതർ** | **1,94,964** |
| **ആകെ** | **5,61,554** |

ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവനരഹിതരിൽ 31.05.2025 വരെ 1,21,110 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടിട്ടുണ്ട്.

| 2025 ഏപ്രിൽ വരെ | 2025 മേയ് മാസം | 2025 മേയ് വരെ |
|---|---|---|
| 1,20,258 | 852 | 1,21,110 |

## മനസ്സോടിത്തിരി മണ്ണ്

മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി 31.05.2025 വരെ 2232.815 സെന്റ് (22.32 ഏക്കർ) ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്/ ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്.

## ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി

ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സർക്കാർ ആരംഭിച്ച **മനസ്സോടിത്തിരി മണ്ണ്** ക്യാമ്പയിന്റെ ഭാഗമാകുന്നതിന് നിരവധി സംഘടനകളും സുമനസ്സുകളും സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായി. കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷംരൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി 2021 ഡിസംബറിൽ ധാരണാപത്രം ഒപ്പിട്ടിരുന്നു. അതിൻപ്രകാരം 1000 ഭൂരഹിതർക്കും ഭൂമി ലഭ്യമാക്കി. തുടർന്ന് 1000 ഭൂരഹിതർക്ക്കൂടി ഭൂമി ലഭ്യമാക്കുന്നതിനുള്ള ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി രണ്ടാം ഘട്ടത്തിൻറെ **MoU** ബഹു.മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 11.12.2024-ന് ഒപ്പിട്ട് കൈമാറുകയുണ്ടായി. ഇതിൻറെ ഭാഗമായി 57 പേരുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്.

## ലയൺസ് - ലൈഫ് ഭവനപദ്ധതി

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 100 ഭവനരഹിതർക്ക് ലയൺസ് ഇൻറർനാഷണൽ ഡിസ്ട്രിക്ട് 318-എ-യുടെ ആഭിമുഖ്യത്തിൽ വീട് വച്ച് നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ അംഗീകരിച്ച **MoU**-ൽ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്, കിളിമാനൂർ, കടക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളും ലൈഫ് മിഷനും ലയൺസ് ഇൻറർനാഷണൽ ഡിസ്ട്രിക്ട് 318-എ ഡിസ്ട്രിക്ട് ഗവർണറും ഒപ്പുവെയ്ക്കുകയുണ്ടായി. കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയിൽ 15 ഭവനങ്ങളും, തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ 10 ഭവനങ്ങളും, ഒരു അമ്നിറ്റി സെൻററും ടി പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്.

കടയ്ക്കൽ, കിളിമാനൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിർമ്മിക്കുന്ന 25 വീതം വീടുകളുടെ ശിലാസ്ഥാപനം 2025 ജനുവരി 9-ന് അതത് ഗ്രാമപഞ്ചായത്തുകളിൽ വെച്ച് ബഹു. തദ്ദേശസ്വയംഭരണ, എക്സൈസ്, പാർലമെൻററികാര്യ വകുപ്പ് മന്ത്രി ശ്രീ. എം.ബി.രാജേഷ് നിർവ്വഹിച്ചു.

### ഭവനസമുച്ചയ നിർമ്മാണ പുരോഗതി

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുന:രധിവാസത്തിനായി ലൈഫ് മിഷൻ മുഖേന നിർമ്മാണമാരംഭിച്ച ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 21 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. പാർട്ട്ണർഷിപ്പിലൂടെ 2 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും, ഒരു ഭവനസമുച്ചയത്തിൻറെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു.

# വിദ്യാകിരണം

## ഭൗതിക സൗകര്യ വികസനം

നവകേരളം കർമ്മപദ്ധതി II, വിദ്യാകിരണം മിഷന്റെ ഭാഗമായി അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്താൻ കിഫ്ബി ഫണ്ട്, പ്ലാൻ ഫണ്ട്, എം.എൽ.എ. ഫണ്ടുകൾ, മറ്റ് ഫണ്ടുകൾ എന്നിവ പ്രയോജനപ്പെടുത്തി ഭൗതികസൗകര്യ വികസനം നടത്തുന്നു. 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും 386സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും കിഫ്ബി ധനസഹായം അനുവദിച്ചു. ഇത് പ്രയോജനപ്പെടുത്തി നടത്തിയ ഭൗതികസൗകര്യ വികസന പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കിഫ്ബി അനുവദിച്ചത് | സ്കൂളുകൾ | പൂർത്തിയാക്കിയത് | വിവിധ ഘട്ടങ്ങളിൽ ഉള്ളത് |
|---|---|---|---|
| 5കോടി | 141 | 139 | 2 |
| 3 കോടി | 386 | 185 | 201 |
| 1 കോടി | 446 | 215 | 231 |
| **ആകെ** | **973** | **539** | **434** |

## അക്കാദമിക പ്രവർത്തനങ്ങൾ

മേയ് മാസത്തിൽ സംസ്ഥാന വ്യാപകമായി അധ്യാപക പരിശീലനങ്ങൾ വിവിധ ഘട്ടങ്ങളിലായി സംഘടിപ്പിച്ചു. ഒന്നാം ക്ലാസിലെ റിസോഴ്സ് അധ്യാപകരായിട്ടുള്ള അധ്യാപകർക്ക് ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി എഡിറ്റ് ചെയ്ത് വിദ്യാകിരണം മിഷൻ പ്രസിദ്ധീകരിച്ച് പുറത്തിറക്കിയ ഒന്നാം ക്ലാസിലെ കുട്ടികളുടെ ഡയറിക്കുറിപ്പുകളുടെ സമാഹാരമായ കുരുന്നെഴുത്തുകൾ വിദ്യാകിരണം കോർഡിനേറ്റർമാർ വഴി എത്തിച്ചു.

### എന്റെ കേരളം പ്രദർശന വിപണനമേള

കേരള സർക്കാരിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് നടന്ന പ്രദർശന വിപണന മേളയിൽ പങ്കെടുക്കാൻ കുട്ടികളും മുതിർന്നവരുമടക്കം ധാരാളം പേർ എല്ലാ ജില്ലകളിലും എത്തുകയുണ്ടായി. കാഴ്ചകൾ കാണാനും വിവിധ വകുപ്പുകളുടെ സേവനങ്ങളെക്കുറിച്ച് അറിയാനും വീട്ടുസാധനങ്ങൾ വാങ്ങാനും കുട്ടികൾക്ക് കളിച്ചുരസിച്ച് അവധിക്കാലം ആസ്വദിക്കാനും അവസരമൊരുക്കുകയാണ് മേള ചെയ്തത്.

സർക്കാർ വകുപ്പുകളുടേയും വിവിധ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പാണ് സംഘാടനത്തിന് നേതൃത്വം നൽകിയത്. വിവിധ വകുപ്പുകളുടെ 150ലധികം സ്റ്റാളുകളാണ് ഓരോ ജില്ലയിലും തയ്യാറാക്കപ്പെട്ടത്. പൊതുവിദ്യാലയങ്ങളിൽ നടക്കുന്ന മികവുകളുടെ പ്രദർശനം സമഗ്രശിക്ഷാ കേരളം, വിദ്യാകിരണം, കൈറ്റ്, ഡയറ്റ്, പൊതുവിദ്യാഭ്യാസ വകുപ്പ് എന്നിവർ മുൻകൈയെടുത്താണ് സംഘടിപ്പിച്ചത്.

## തനത് പ്രവർത്തനങ്ങൾ

ഇടുക്കി ജില്ലയിൽ ശുചിത്വവിദ്യാലയം ഹരിതവിദ്യാലയം പദ്ധതിയോടനുബന്ധിച്ച് ജൈവമാലിന്യ സംസ്കരണം, അജൈവമാലിന്യ സംവിധാനം, ഇ-വേസ്റ്റ് പരിപാലനം എന്നിവ നടപ്പാക്കുന്നതിനുള്ള നിർദ്ദേശം 493 സ്കൂളുകളിലായി നൽകിയിട്ടുണ്ട്.

ജലഗുണത പരിശോധന ലാബ്- സ്കൂൾ തുറക്കുന്നതിനോടനുബന്ധിച്ചുള്ള മുന്നൊരുക്കത്തിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ 5 മണ്ഡലങ്ങളിലായി 35 സ്കൂളുകളിൽ ജലഗുണത പരിശോധന ലാബുകൾ പ്രവർത്തിച്ചുവരുന്നു. ഹരിതകേരളം മിഷന്റെ ഭാഗമായി ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലാണ് ലാബ് സൗകര്യങ്ങൾ ലഭ്യമാക്കി യിട്ടുള്ളത്.

## ക്രിയേറ്റീവ് കോർണർ

സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി 5, 6, 7 ക്ലാസ്സുകളിലെ കുട്ടികളുടെ പഠനം രസകരവും ക്രിയാത്മകവും പ്രവർത്തനാധിഷ്ഠിതവുമാക്കുന്നതിനും വിവിധങ്ങളായ തൊഴിൽ

മേഖലകളെ പാഠപുസ്തകങ്ങളുടെ പശ്ചാത്തലത്തിൽ പരിചയപ്പെടുന്നതിനും മറ്റുമുള്ള പ്രവർത്തനങ്ങളെ ഉൾച്ചേർത്തുകൊണ്ടുള്ള നൂതനപദ്ധതിയാണ്' ക്രിയേറ്റീവ് കോർണർ. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായി എസ്.എസ്.കെയുടെ നേതൃത്വത്തിൽ കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുമായി സഹകരിച്ചാണ് പദ്ധതി തെരഞ്ഞെടുത്ത സ്കൂളുകളിൽ നടപ്പിലാക്കുന്നത്.

# ആർദ്രം മിഷൻ

## 1) ആരോഗ്യ സ്ഥാപനങ്ങളുടെ പരിവർത്തന പ്രവർത്തനങ്ങൾ

| ഘട്ടം | തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ | നിർമ്മാണം പൂർത്തിയായവ | നിർമ്മാണം പുരോഗമിക്കുന്നവ |
|---|---|---|---|
| മെഡിക്കൽ കോളേജുകളിലെ ഒ.പി പരിവർത്തനം | 8 | 8 (100%) | 0 |
| ജില്ലാ ആശുപത്രികളിലെ ഒ.പി പരിവർത്തനം | 17 | 14 (82%) | 1 |
| താലൂക്ക് ആശുപത്രികളുടെ ഒ.പി പരിവർത്തനം | 43 | 22 (51%) | 11 |
| സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | 127 | 92 (72%) | 11 |
| പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | 885 | 728 (82%) | 61 |

## 2) വാർഷിക ആരോഗ്യ പരിശോധന

- 30 വയസ്സിന് മുകളിൽ പ്രായമായ എല്ലാ വ്യക്തികളേയും വർഷത്തിൽ ഒരിക്കലെങ്കിലും ജീവിതശൈലീ രോഗങ്ങൾക്ക് സ്ക്രീൻ ചെയ്യാനുള്ള സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച വാർഷിക ആരോഗ്യ പരിശോധനയുടെ ഒന്നാം ഘട്ടം പൂർത്തിയായി, രണ്ടാം ഘട്ടം പുരോഗമിക്കുന്നു.
- രണ്ടാം ഘട്ട സർവേയുടെ ഭാഗമായുള്ള എല്ലാ പരിശീലനങ്ങളും പൂർത്തിയായി.
- വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേ 2024 ജൂൺ മാസം ആരംഭിച്ചു. രണ്ടാം ഘട്ടം സർവേയുടെ ഭാഗമായി 31/05/2025 വരെ 1,28,67,019(71%) വ്യക്തികളുടെ സർവേ പൂർത്തിയായി. 01/05/2025 മുതൽ 31/05/2025 വരെ 3,35,233 (1.9%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 1,27,656 (38%) പേർക്ക് പ്രമേഹ/രക്താതിമർദ്ദ സാധ്യതയുള്ളതായും, 4393 (1.3%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായും, 3859 (1.2%) പേർക്ക് ക്ഷയരോഗ സാധ്യതയുള്ളതായും, 7,641 (2.3%) പേർക്ക് ശ്വാസകോശ രോഗങ്ങൾക്കുള്ള സാധ്യതയുള്ളതായും 4,277 (1.3%) പേർക്ക് കുഷ്ഠരോഗ സാധ്യതയുള്ളതായും 74,466 (22%) പേർക്ക് കാഴ്ച സംബന്ധമായ രോഗസാധ്യതയുള്ളതായും 9,311 (2.8%) പേർക്ക് കേൾവി സംബന്ധമായ രോഗസാധ്യതയുള്ളതായും 3,273 (0.98%) പേർക്ക് മാനസികാരോഗ്യ പ്രശ്നങ്ങൾക്കുള്ള സാധ്യതയുള്ളതായും കണ്ടെത്തി തുടർപരിശോധനകളും ചികിത്സയും ലഭ്യമാക്കി വരുന്നു.
- 01/05/2025 മുതൽ 31/05/2025 വരെ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തിയ തുടർ സ്ക്രീനിങ്ങിൽ 28,905 (ആകെ പരിശോധിച്ചവരിൽ 22%) പേർക്ക് രക്താതിമർദ്ദവും 3,839 (ആകെ പരിശോധിച്ചവരിൽ 3%) പേർക്ക് പ്രമേഹവും പുതിയതായി കണ്ടെത്തി.
- രണ്ടാം ഘട്ട സർവേയുടെ ഭാഗമായി നിലവിൽ രക്താതിമർദ്ദം മാത്രമുള്ള 16,69,380 (13%) പേരുടേയും പ്രമേഹം മാത്രമുള്ള 11,21,803 (8.7%) പേരുടേയും ഇവ രണ്ടുമുള്ള 7,54,782 (5.9%) രോഗവിവരങ്ങൾ കൂടി ശൈലി ആപ്പ് വഴി രേഖപ്പെടുത്തിയിട്ടുണ്ട്.
- വാർഷിക ആരോഗ്യ പരിശോധനയിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കാനായി വിവിധ ബോധവൽക്കരണ ക്യാമ്പയിനുകൾ ജില്ലകളിൽ നടന്നു വരുന്നു.

## 3) ക്യാൻസർ നിയന്ത്രണ പദ്ധതി

- ക്യാൻസർ രോഗ സാധ്യത ഉള്ളവരെ കുടുംബാരോഗ്യ കേന്ദ്ര തലം മുതലുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ച് ജില്ലാ തല ലാബുകളിൽ അയച്ച്

രോഗനിർണ്ണയം നടത്തുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

- സംസ്ഥാനത്തെ മൂന്ന് ക്യാൻസർ സെന്ററുകൾ, മെഡിക്കൽ കോളേജുകളിലെ ക്യാൻസർ ചികിത്സാ യൂണിറ്റുകൾ, ആരോഗ്യവകുപ്പിലെ ജില്ലാ ക്യാൻസർ കെയർ യൂണിറ്റുകൾ എന്നിവയെ കുടുംബാരോഗ്യ കേന്ദ്രം മുതൽ ജില്ലാ ആശുപത്രി വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയുള്ള ക്യാൻസർ ഗ്രിഡ് സംവിധാനം പ്രവർത്തനക്ഷമമാണ്.
- വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേയുടെ ഭാഗമായി
- 1,28,67,019 (71%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 2,44,486 (1.9%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായി കണ്ടെത്തി തുടർപരിശോധനകൾക്ക് നിർദേശിച്ചിട്ടുണ്ട്.
- 2025 മേയ് മാസത്തിൽ മാത്രം (01/05/2025 മുതൽ 31/05/2025 വരെ) 3,35,233 (1.9%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 4,393 (1.3%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായി കണ്ടെത്തി തുടർ പരിശോധനകൾക്ക് നിർദേശിച്ചിട്ടുണ്ട്.
- ക്യാൻസർ രോഗ സാധ്യതയുള്ളവരുടെ വിശദമായ ക്ലിനിക്കൽ, ലാബ് പരിശോധനകൾക്കായി വികസിപ്പിച്ച ക്യാൻസർ സ്ക്രീനിങ് പോർട്ടൽ പ്രവർത്തനക്ഷമമാണ്.
- ക്യാൻസർ വരുന്നതിന് വളരെ മുമ്പ് തന്നെ രോഗ സാധ്യത കണ്ടെത്തി തുടർ പരിശോധനയ്ക്കും ചികിത്സയ്ക്കും വിധേയമാകാൻ സഹായകമാകുന്ന പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കുകൾ എല്ലാ ജില്ലകളിലും ആരംഭിച്ചു. സ്തനാർബുദം, വദനാർബുദം, ഗർഭാശയഗള ക്യാൻസർ തുടങ്ങിയവ വളരെ നേരത്തെ കണ്ടെത്തി ചികിത്സ ഉറപ്പാക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.
- സംസ്ഥാനത്തെ ക്യാൻസർ സെന്ററുകൾക്കും പ്രധാന മെഡിക്കൽ കോളേജുകൾക്കും പുറമേ എല്ലാ ജില്ലയിലും ഒരു ആശുപത്രിയിലെങ്കിലും മാമോഗ്രാം, പാപ് സ്മിയർ, ബയോപ്സി സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.
- സർക്കാർ മേഖലയിൽ ആദ്യമായി ക്യാൻസർ ചികിത്സാ രംഗത്ത് റോബോട്ടിക് സർജറി യൂണിറ്റ് ഉൾപ്പെടെയുള്ള അത്യാധുനിക ചികിത്സാ സംവിധാനങ്ങൾ തിരുവനന്തപുരം ആർ.സി.സിയിൽ പ്രവർത്തനമാരംഭിച്ചു. മലബാർ ക്യാൻസർ സെന്ററിലും (എം.സി.സി) റോബോട്ടിക് സർജറി പ്രവർത്തന സജ്ജമായിട്ടുണ്ട്. എം.സി.സി യെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആന്റ് റിസർച്ച് ആയി ഉയർത്തി.
- ഗർഭാശയഗള ക്യാൻസർ കണ്ടെത്തുന്നതിനുള്ള 'സെർവി സ്കാൻ' രാജ്യത്ത് ആദ്യമായി ആർ.സി.സി വികസിപ്പിച്ചു.
- മലബാർ ക്യാൻസർ സെന്ററിൽ അതിനൂതന കാർ ടി സെൽ തെറാപ്പി ആരംഭിച്ചു. കൊച്ചിൻ ക്യാൻസർ സെന്ററിൽ ഇത് ഈ വർഷം പൂർണതോതിൽ പ്രവർത്തനസജ്ജമാകും.
- സർക്കാർ മേഖലയിൽ ആദ്യമായി ആർ.സി.സി യിൽ സർഫസ് ഗൈഡഡ് റേഡിയേഷൻ തെറാപ്പി ആരംഭിച്ചു. സാധാരണ കോശങ്ങൾക്ക് കേടുപാട് വരുത്താതെ കാൻസർ കോശങ്ങളിൽ മാത്രം കൃത്യമായ റേഡിയേഷൻ നൽകാനും പാർശ്വഫലങ്ങൾ കുറയ്ക്കാനും ഇതിലൂടെ സാധിക്കുന്നു.
- വിലകൂടിയ ക്യാൻസർ മരുന്നുകൾ സംസ്ഥാനത്തെ തെരഞ്ഞെടുത്ത കാരുണ്യ ഫാർമസികളിലൂടെ 'സീറോ പ്രോഫിറ്റായി' കമ്പനി വിലയ്ക്ക് രോഗികൾക്ക് ലഭ്യമാക്കുന്നതിനായി കാരുണ്യ സ്പർശം - സീറോ പ്രോഫിറ്റ് ആന്റി-ക്യാൻസർ ഡ്രഗ്സ് പദ്ധതി ആരംഭിച്ചു.
- സംസ്ഥാനത്ത് ആദ്യമായി മജ്ജ മാറ്റിവെയ്ക്കൽ ചികിത്സയ്ക്ക് സഹായകരമാകുന്ന കേരള ബോൺമാരോ ഡോണർ രജിസ്ട്രി സജ്ജമാക്കുന്നതിനായി ആരോഗ്യവകുപ്പ് അനുമതി നൽകി ഉത്തരവായി. മലബാർ കാൻസർ സെന്റർ കെ-ഡിസ്കിന്റെ സഹകരണത്തോടെയാണ് പൈലറ്റ് പ്രോജക്ടായി ബോൺമാരോ ഡോണർ രജിസ്ട്രി തയ്യാറാക്കുന്നത്. രക്താർബുദം ബാധിച്ചവർക്ക് അനുയോജ്യമായ മൂലകോശം ലഭിക്കുന്നതിന് നിലവിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി ഇവരുടെ ഡേറ്റാബേസ് തയ്യാറാക്കുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഇന്ത്യയിൽ നിലവിൽ സർക്കാരിതര മേഖലയിൽ 6 ബോൺമാരോ ഡോണർ രജിസ്ട്രികൾ മാത്രമാണുള്ളത്. മജ്ജ മാറ്റിവെയ്ക്കൽ ചികിത്സാ ചെലവ് ഗണ്യമായി കുറയ്ക്കുക, യോജിച്ച മൂലകോശത്തിന്റെ ലഭ്യത കൂട്ടുക എന്നീ ലക്ഷ്യങ്ങളോടെയാണ് രജിസ്ട്രി തയ്യാറാക്കുന്നത്.
- സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം റീജിയണൽ കാൻസർ

സെന്ററിൽ കാൻസറിന് റോബോട്ടിക് പീഡിയാട്രിക് സർജറി വിജയകരമായി നടത്തി.

- ❖ ക്യാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി ഒരു വർഷം നീണ്ടു നിൽക്കുന്ന “ആരോഗ്യം ആനന്ദം അകറ്റാം അർബുദം” എന്ന ജനകീയ ക്യാമ്പയിൻ 2025 ഫെബ്രുവരി 4 നു ആരംഭിച്ചു. ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുള്ളത്. 2025 മാർച്ച് 8 വരെയുള്ള ആദ്യഘട്ട ക്യാമ്പയിനിൽ സ്ത്രീകളെ ബാധിക്കുന്ന സ്തനാർബുദം, സെർവിക്കൽ കാൻസർ എന്നിവയ്ക്ക് സ്ക്രീനിംഗ് നടത്തി പരിശോധനയും ചികിത്സയും ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ടു. ക്യാമ്പയിനിന്റെ രണ്ടാം ഘട്ടത്തിൽ പുരുഷന്മാരെ കൂടെ ബാധിക്കുന്ന കോളൻ ക്യാൻസർ, ശ്വാസകോശ അർബുദം എന്നീ ക്യാൻസറുകൾക്കു സാധ്യത ഉള്ളവരെ കൂടി സ്ക്രീനിങ്ങിന് വിധേയരാക്കുന്നു “ആരോഗ്യം ആനന്ദം അകറ്റാം അർബുദം” ക്യാമ്പയിനിൽ 31/05/2025 വരെ 1526 ആശുപത്രികളിലൂടെ 15,70,680 പേർ സ്ക്രീനിംഗിന് വിധേയരാവുകയും അതിൽ 51,381 പേരെ ക്യാൻസർ സംശയിച്ച് തുടർ പരിശോധനകൾക്കായി റഫർ ചെയ്യുകയും ചെയ്തു.

## 4) നിർണയ ലാബ് നെറ്റ്‌വർക്ക് സംവിധാനം

- ❖ ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ലാബുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള നിർണയ ലാബ് നെറ്റുവർക്കിംഗ് സംവിധാനം എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്.
- ❖ ക്യാൻസർ പരിശോധന, ക്ഷയരോഗ സ്ക്രീനിങ്, നവജാത ശിശു സ്ക്രീനിങ്, ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് (എ.എം.ആർ), സങ്കീർണമായ ലാബ് പരിശോധനകൾ മുതലായവ ഈ സംവിധാനത്തിലൂടെ പരിശോധിച്ചു വരുന്നു.
- ❖ എല്ലാ റിജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകളിലും ലാബ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.
- ❖ എല്ലാ സർക്കാർ ലാബുകളിലും ഇന്റേണൽ ക്വാളിറ്റി കൺട്രോൾ, എക്സ്റ്റേർണൽ ക്വാളിറ്റി അഷ്വറൻസ് എന്നിവ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- ❖ നിലവിൽ ലാബ് സംവിധാനം ഇല്ലാത്ത ആശുപത്രികളിൽ കൂടി ലാബ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.
- ❖ നിർണയ ലാബ് നെറ്റുവർക്ക് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഇ-ഹെൽത്തിന്റെ സഹായത്തോടെ നിർമിച്ച റിപ്പോർട്ടിങ് സോഫ്റ്റ്‌വെയർ സംവിധാനം മലപ്പുറം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു. ഇതിനായുള്ള പരിശീലനങ്ങൾ പൂർത്തിയായി.
- ❖ ആയുഷ് വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ കൂടി നിർണയ ലാബ് നെറ്റുവർക്ക് ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ കുടുംബശ്രീ പ്രവർത്തകരുടെ സഹായത്തോടെ നിർണയ ലാബ് നെറ്റുവർക്ക് പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## 5) വയോജന-സാന്ത്വന പരിചരണം

- ❖ പാലിയേറ്റീവ് കെയർ പോളിസിയെ അടിസ്ഥാനപ്പെടുത്തി സാന്ത്വന പരിചരണത്തിനായുള്ള സമഗ്രമായ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ തയ്യാറാക്കി. ആക്ഷൻ പ്ലാൻ അനുസരിച്ചു 'അരികെ' എന്ന പേരിൽ സമഗ്ര പാലിയേറ്റീവ് വയോജന പരിചരണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. ഇതിന്റെ മേൽനോട്ടം വഹിക്കാൻ ഒരു ഉന്നതാധികാര സമിതിയും വർക്കിംഗ് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്.
- ❖ പുതുക്കിയ പാലിയേറ്റിവ് കെയർ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹുജന പങ്കാളിത്തത്തോടെ വയോജന ആരോഗ്യ സംരക്ഷണവും, സാന്ത്വന പരിചരണവും ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.
- ❖ എല്ലാ ജില്ലകളിലേയും പാലിയേറ്റീവ് കെയർ ജീവനക്കാർക്ക് പുതുക്കിയ മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകി. മോഡേൺ മെഡിസിൻ

ഡോക്ടർമാർക്കും ഫീൽഡ് സ്റ്റാഫിനും ഓൺലൈൻ പരിശീലനങ്ങളും സംഘടിപ്പിച്ചു.

❖ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന് വേണ്ടി പരിശീലകർക്കായുള്ള സംസ്ഥാന തല പരിശീലനം 30 ആയുർവേദ ഡോക്ടർമാർക്കും 29 ഹോമിയോ ഡോക്ടർമാർക്കും നൽകി. ഇതോടൊപ്പം വിവിധ ജില്ലകളിലായി 750 ആയുർവേദ ഡോക്ടർമാരും 320 പാരാമെഡിക്കൽ സ്റ്റാഫുകളും തുടർ പരിശീലനങ്ങൾ പൂർത്തിയാക്കി. ഇടുക്കി ജില്ലയിൽ പരിശീലകർക്കായുള്ള ജില്ലാതല പരിശീലനങ്ങൾ നടത്തി.
❖ നിലവിൽ സംസ്ഥാനത്ത് 1,142 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 1,09,368 രോഗികൾക്കും 345 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 26,866 രോഗികൾക്കും സാന്ത്വന പരിചരണം നൽകി വരുന്നു. ഭാരതീയ ചികിൽസാ വകുപ്പിന്റെ (ISM) ന്റെ കീഴിൽ 44 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും ഹോമിയോ വകുപ്പിന്റെ കീഴിൽ 18 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും പ്രവർത്തിക്കുന്നു.
❖ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലെ മുൻഗണന ഗൃഹ സന്ദർശനത്തിലൂടെ ഗുരുതര ആരോഗ്യ പ്രശ്നങ്ങളുള്ള 1,46,710 പേർക്ക് സേവനങ്ങൾ നൽകി വരുന്നു.
❖ എട്ട് മെഡിക്കൽ കോളേജുകളിലും റീജണൽ ക്യാൻസർ സെന്ററിലും മലബാർ ക്യാൻസർ സെന്ററിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.
❖ ഭാരതീയ ചികിൽസാ വകുപ്പിന്റെ (ISM) 5 സർക്കാർ മെഡിക്കൽ കോളേജുകളിലും പാലിയേറ്റീവ് യൂണിറ്റുകൾ ആരംഭിക്കാൻ ലക്ഷ്യമിടുന്നു.
❖ വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ടത്തിൽ 30/04/2025 വരെ 1,28,67,019 (71.04%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 1,19,810 (0.93%) കിടപ്പുരോഗികളും 1,99,054 (1.55%) ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 42,11,003 (32.73%) വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.
❖ 2025 മേയ് മാസം (01/05/2025 മുതൽ 31/05/2025 വരെ) 3,35,233 (1.8%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 2,858 (0.85%) കിടപ്പുരോഗികളും 5,148 (1.54%) ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 1,07,920 (31%) വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ പഞ്ചായത്ത്/വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ച് പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള രോഗികൾക്ക് സേവനം ലഭ്യമാക്കി വരുന്നു. ഇതോടൊപ്പം രണ്ടാം ഘട്ട സർവേയുടെ ഭാഗമായി 4,850 (1.4%) പേർക്ക് വാർദ്ധക്യ സഹജമായ ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തി തുടർപരിശോധനകൾക്കായി നിർദ്ദേശിച്ചിട്ടുണ്ട്.
❖ സംസ്ഥാനത്തെ 21 പ്രധാന ആശുപത്രികളിൽ 10 കിടക്കകളോടുകൂടിയ ജെറിയാട്രിക് വാർഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. ആന്റി സ്കിഡ് ടൈലുകൾ, റെയിലുകൾ, റാമ്പുകൾ, വയോജനസൗഹൃദ ശൗചാലയങ്ങൾ, ഫർണീച്ചറുകൾ എന്നീ സൗകര്യങ്ങളോടുകൂടിയ വാർഡുകളാണ് സജ്ജീകരിച്ചിരിക്കുന്നത്.
❖ സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജറിയാട്രിക്സ് വിഭാഗം ആരംഭിച്ചു. ഇതിലൂടെ വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്ക് പ്രത്യേക ചികിത്സയും പരിചരണവും ലഭിക്കും.
❖ 227 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നതിനായി ഒരു സ്റ്റാഫ് നഴ്സിന്റെയും, ഒരു ഫിസിയോതെറാപ്പിസ്റ്റിന്റേയും സേവനം ഉറപ്പാക്കിയിട്ടുണ്ട്.
❖ വയോജനങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി തുടർസേവനങ്ങൾ ഉറപ്പാക്കുന്നതിനായി ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. മുതിർന്ന സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി സേവനങ്ങൾ ഉറപ്പാക്കാനായി വെൽ വുമൺ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.
❖ കേരള സർക്കാരിന്റെ കീഴിലുള്ള സ്കോൾ കേരളയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സഹകരണത്തോടെ നടത്തുന്ന ആറു മാസത്തെ ഹോം നഴ്സിംഗ് കോഴ്സ് (ഡിപ്ലോമ ഇൻ ഡൊമിസിലിയറി നേഴ്സിങ് കെയർ) ആരംഭിച്ചു. കോഴ്സിന്റെ ആദ്യ ബാച്ചിൽ 11 ജില്ലകളിലായി 232 പേർ പരിശീലനം നേടി.

- ❖ സർക്കാർ, സന്നദ്ധ മേഖലകളിൽ പ്രവർത്തിക്കുന്ന മുഴുവൻ പാലിയേറ്റീവ് കെയർ യൂണിറ്റുകളേയും സംയോജിപ്പിച്ചു കൊണ്ടുള്ള പാലിയേറ്റീവ് കെയർ ഗ്രിഡിന്റെ ലോഞ്ച് 2025 മാർച്ച് 3 ന് ബഹു: മുഖ്യമന്ത്രി നിർവഹിച്ചു.
- ❖ പാലിയേറ്റീവ് കെയർ ആവശ്യമായ രോഗികൾക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്തു സേവനങ്ങൾ തിരഞ്ഞെടുക്കാവുന്ന രീതിയിൽ കേരളത്തിലെ എല്ലാ പാലിയേറ്റീവ് കെയർ സംവിധാനങ്ങളെയും വിവിധ സേവനദാതാക്കളെയും പാലിയേറ്റീവ് കെയർ ഗ്രിഡ് വഴി ബന്ധപ്പെടുത്തും. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ ഗ്രിഡ് രജിസ്ട്രേഷൻ, പരിശീലനങ്ങൾ എന്നിവ ജില്ലകളിൽ പൂർത്തിയായി. സന്നദ്ധപ്രവർത്തകരുടെ രജിസ്ട്രഷേൻ നടപടികൾ ആരംഭിച്ചു.
- ❖ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുന്നതിന്റെ ഭാഗമായി ക്വാളിറ്റി അസ്സസ്മെന്റ് ചെക്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഇതുമായി ബന്ധപ്പെട്ട സംസ്ഥാനതല പരിശീലനങ്ങൾ നടന്നുവരുന്നു.
- ❖ കുടുംബശ്രീയുമായി സഹകരിച്ചു കൊണ്ട് പാരാപ്ലീജിയ (അരയ്ക്ക് കീഴ്പോട്ട് ചലനശേഷി നഷ്ടപ്പെട്ടവർ) രോഗികളെ തൊഴിൽപരമായി പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- ❖ വിദ്യാർത്ഥികളെ സാന്ത്വന പരിചരണ പ്രവർത്തനങ്ങളിൽ മുന്നോട്ട് കൊണ്ടുവരുന്നതിന്റെ ഭാഗമായി ഇന്ത്യൻ അസോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ (IAPC) കേരളയുമായി സഹകരിച്ച് നടപ്പിലാക്കുന്ന "സ്റ്റുഡൻറ് ഇനിഷ്യേറ്റീവ് ഇൻ പാലിയേറ്റീവ് കെയർ (SIP)" പദ്ധതിയുടെ സംസ്ഥാന തല ശില്പശാല നടത്തി. ശില്പശാലയിൽ വിവിധ ജില്ലകളിൽ നിന്നായി 150 ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു.
- ❖ 2025 ജനുവരി 1 മുതൽ സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജനം, മാലിന്യമുക്തം നവകേരളം, ഗുണമേന്മയിൽ അധിഷ്ഠിതമായ പാലിയേറ്റീവ് പരിചരണം എന്നിവ പൂർണതോതിൽ യാഥാർത്ഥ്യമാക്കുന്നതിനായുള്ള സംസ്ഥാനതല ക്യാമ്പയിൻ ബഹു. മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തോടെ ആരംഭിച്ചു.
- ❖ സാന്ത്വന പരിചരണ പദ്ധതിയുടെ നടത്തിപ്പിന് ജനപങ്കാളിത്തമുറപ്പാക്കുകയും നിലവിലെ ഗൃഹകേന്ദ്രീകൃത പരിചരണത്തോടൊപ്പം നിരാലംബരായ വയോജനങ്ങളെ പാർപ്പിച്ചിരിക്കുന്ന ഹോമുകൾ, സ്വകാര്യ മേഖലയിലും സർക്കാർ മേഖലയിലും പ്രവർത്തിക്കുന്ന വൃദ്ധ മന്ദിരങ്ങൾ എന്നിവിടങ്ങളിൽക്കൂടി പാലിയേറ്റീവ് കെയർ സേവനം എത്തിക്കുന്നതിന്റെ ഭാഗമായി, ഗ്രാമ, നഗര വ്യത്യാസമില്ലാതെ പാലിയേറ്റീവ് പരിചരണം ആവശ്യമായ മുഴുവൻ ആളുകളെയും കുടുംബങ്ങളെയും കണ്ണി ചേർത്തുകൊണ്ട് എ പി എൽ, ബി പി എൽ വ്യത്യാസമില്ലാതെ മികച്ച പരിചരണം ഉറപ്പാക്കാനുമായി ജനകീയ മുന്നേറ്റം നടത്താനാണ് ഈ ക്യാമ്പയിനിലൂടെ ഉദ്ദേശിക്കുന്നത്.

### 6) ഏകാരോഗ്യ സമീപനം (One Health Initiative)

- ❖ നവകേരളം കർമ്മ പദ്ധതി 2 - ആർദ്രം മിഷന്റെ ഭാഗമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവുമായി (ആർ.കെ.ഐ) സഹകരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് ഏകാരോഗ്യം. ജന്തുജന്യരോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും അവയുടെ വ്യാപനം സമയബന്ധിതമായി തടയുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ നിലവിലുള്ള സംവിധാനങ്ങളെ ശക്തിപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.
- ❖ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ പമ്പാനദീതട ജില്ലകളായ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നിവിടങ്ങളിലാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.
- ❖ ഏകാരോഗ്യം പദ്ധതി മികച്ച രീതിയിൽ നടപ്പിലാക്കുന്നതിനായി ആരോഗ്യ വകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്കുള്ള പരിശീലനങ്ങൾ പൂർത്തിയായി. ഇതിനു മുന്നോടിയായി ഒരു ആസൂത്രണ ശില്പശാലയും ആരോഗ്യ വകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് ട്രെയിനിങ് നീഡ്സ് അസ്സസ്സ്മെൻറ് ശില്പശാലയും

സംഘടിപ്പിച്ചിരുന്നു. ഈ ശില്പശാലകളിൽ ഉരുത്തിരിഞ്ഞു വന്ന ആശയങ്ങളുടെ അടിസ്ഥാനത്തിൽ പരിശീലന മോഡ്യൂൾ, കൈപ്പുസ്തകം എന്നിവ തയ്യാറാക്കിയാണ് പരിശീലനങ്ങൾ നടത്തിയത്.

- ഏകാരോഗ്യം പദ്ധതിയുടെ മൂന്നാം വർഷ ലക്ഷ്യം ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് പകർച്ചവ്യാധികൾ കണ്ടെത്തുന്നതിനായുള്ള നിരീക്ഷണവും പരിശോധനയും പതിവായി നടത്തുക എന്നതാണ്. ഈ ലക്ഷ്യം നേടിയെടുക്കുന്നതിനായി മനുഷ്യനെ ഗുരുതരമായി ബാധിക്കാവുന്ന രോഗങ്ങളുടെ വ്യാപനം കണ്ടെത്തുന്നതിനും സ്ഥിരീകരിക്കുന്നതിനും ആവശ്യമായ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും വിവിധ വകുപ്പുകൾ സംയോജിതമായി നടത്തേണ്ട പരിശോധനയ്ക്കുള്ള (Joint Outbreak Investigation) പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ഫീൽഡുതല പരിശോധനകൾ നടത്തി. ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട പകർച്ചവ്യാധികളുടെ കണക്കുകൾ അടിസ്ഥാനമാക്കിയാണ് ഫീൽഡുതല പരിശോധനകൾ സംഘടിപ്പിച്ചത്. ഫീൽഡുതല പരിശോധനകൾ നിരീക്ഷിക്കുന്നതിനായി സംസ്ഥാനതല ടീമിനെയും നിയോഗിച്ചിരുന്നു. ഓരോ ജില്ലയിലും തിരഞ്ഞെടുത്ത പഞ്ചായത്ത് മുൻഗണനാക്രമത്തിൽ അതാത് പഞ്ചായത്തിലെ രോഗങ്ങളുമായി ബന്ധപ്പെട്ട ഫീൽഡ്തല പരിശോധനകൾ സംഘടിപ്പിച്ചു.
- ഫീൽഡുതല പരിശോധനകൾക്കു മുന്നോടിയായി വകുപ്പ് തല ഏകോപന യോഗങ്ങൾ, പരിശോധനയിൽ പങ്കെടുത്ത ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് പ്രവർത്തന മാർഗ്ഗരേഖ അടിസ്ഥാനമാക്കിയുള്ള പരിശീലനങ്ങൾ മുതലായവയും ജില്ലകളിൽ സംഘടിപ്പിച്ചിരുന്നു.
- ആദ്യഘട്ടത്തിൽ വിജയകരമായി പൂർത്തിയാക്കാൻ സാധിച്ചതിനെ തുടർന്ന് എല്ലാ ജില്ലകളിലും സംയോജിത പരിശോധനാ സംവിധാനം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.
- ഫീൽഡുതല പരിശോധനകളുടെ കണ്ടെത്തലുകൾ ക്രോഡീകരിച്ച് അതിനനുസൃതമായ മാറ്റങ്ങൾ മാർഗ്ഗരേഖയിൽ വരുത്തി അന്തിമ രൂപത്തിലാക്കുന്നതിനാണ് ലക്ഷ്യം വച്ചു കൊണ്ട് സംസ്ഥാന-തല ശില്പശാല സംഘടിപ്പിച്ചു. ജോയിന്റ് ഔട്ട്ബ്രേക് ഇൻവെസ്റ്റിഗേഷന്റെ വിപുലീകരണത്തിനും ഏകാരോഗ്യം പരിപാടിയുടെ നാലാം വർഷ ലക്ഷ്യം നേടിയെടുക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ബേസ്ഡ് സർവെയ്ലൻസ് (സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം) ടൂൾകിറ്റ് പ്രയോഗികമാക്കുന്നതിനും വേണ്ടിയുള്ള പ്ലാനുകളും ശില്പശാലയിൽ തയ്യാറാക്കി.
- ഏകാരോഗ്യം പരിപാടിയുടെ ഭാഗമായി ആരോഗ്യ വകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി തയ്യാറാക്കിയ പരിശീലന സാമഗ്രികൾക്ക് അന്തിമരൂപം നൽകുന്നതിനായി 2025 ജനുവരിയിൽ വെറ്റിങ്ങ് ശില്പശാല സംഘടിപ്പിച്ചു. പരിശീലനപരിപാടികൾ ഏപ്രിൽ ആദ്യവാരം ആരംഭിക്കുന്നതിനാണ് ലക്ഷ്യം വച്ചിട്ടുള്ളത്.
- നായ്ക്കൾ മൂലമുള്ള പേവിഷബാധ ഇല്ലാതാകുന്നതിന് സംസ്ഥാനതല ആക്ഷൻ പ്ലാൻ രൂപീകരിക്കുന്നതിനുള്ള ശില്പശാല സെന്റർ ഫോർ വൺ ഹെൽത്ത് കേരളയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ഈ ശില്പശാലയിൽ ആരോഗ്യം, ആരോഗ്യ വിദ്യാഭ്യാസം, മൃഗസംരക്ഷണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെയും വിവിധ സന്നദ്ധ സംഘടനകളിലെയും പ്രതിനിധികൾ പങ്കെടുത്തു. ശില്പശാലയിൽ ആക്ഷൻ പ്ലാനിന്റെ കരട് തയ്യാറാക്കി.
- ഏകാരോഗ്യം പദ്ധതി മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി അവശേഷിക്കുന്ന 10 ജില്ലകളിൽക്കൂടി ഏകാരോഗ്യം കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
- ഏകാരോഗ്യം പരിപാടിയുടെ നാലാം വർഷ ലക്ഷ്യം പമ്പാബേസിൻ ജില്ലകളിലെ 150 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാമൂഹ്യാധിഷ്ഠിത രോഗ നിരീക്ഷണ സംവിധാനം നിലവിൽ വരുത്തുക എന്നതാണ്. എന്നാൽ പമ്പാബേസിൻ ജില്ലകളിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും (266) ഈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ബേസ്ഡ് സർവെയ്ലൻസ് ടൂൾ കിറ്റ് ഫീൽഡുതലത്തിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾക്കനുസൃതമായി പരിഷ്ക്കരിച്ച്

അന്തിമരൂപത്തിലാക്കുന്നതിനുള്ള ടേബിൾ ടോപ്പ് എക്സർസൈസ് 2025 ഫെബ്രുവരി മാസത്തിൽ സംഘടിപ്പിച്ചു. ഇതിൽ വിവിധ തലത്തിലുള്ള വിദഗ്ധർ പങ്കെടുത്തു.

❖ ഏകാരോഗ്യം പദ്ധതിയിൽ ശേഷിക്കുന്ന ഒന്നര വർഷം നടപ്പാക്കേണ്ട പ്ലാൻ തയ്യാറാക്കുകയും അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു.

## 7) രോഗ നിവാരണ പ്രവർത്തനങ്ങൾ (Disease elimination)

❖ മലമ്പനി (മലേറിയ), മന്തുരോഗം, ക്ഷയരോഗം, കുഷ്ഠരോഗം, മീസിൽസ്, കാലാ അസാർ തുടങ്ങിയ രോഗങ്ങളാണ് നിവാരണത്തിനായി ലക്ഷ്യമിട്ടിരിക്കുന്നത്.

❖ രോഗനിവാരണത്തിന് നിലവിലുള്ള സംസ്ഥാന/ജില്ലാ തല മാനദണ്ഡങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ഉറപ്പാക്കുവാനുള്ള വിവരശേഖരണവും, വിവരങ്ങളുടെ നിശ്ചിത മാതൃകയിലുള്ള ക്രോഡീകരണവും, തുടർ പ്രവർത്തനങ്ങളുമാണ് നിലവിൽ നടന്നു വരുന്നത്.

❖ സംസ്ഥാനത്ത് 1019 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ തദ്ദേശീയ മലമ്പനി കേസുകൾ റിപ്പോർട്ട് ചെയ്യാത്തതിനാൽ നിവാരണത്തിനുള്ള അർഹത കൈവരിച്ചു.

❖ 2024 വർഷത്തിൽ ആകെ 959 മലമ്പനി കേസുകൾ റിപ്പോർട്ട് ചെയ്തു. ഇവയിൽ ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കൊല്ലം, കണ്ണൂർ, മലപ്പുറം, പാലക്കാട്, തൃശൂർ, തിരുവനന്തപുരം എന്നീ ജില്ലകളിലായി 21 തദ്ദേശീയ മലമ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

❖ 2022, 2023, 2024 വർഷങ്ങളിൽ തദ്ദേശീയ മലമ്പനി റിപ്പോർട്ട് ചെയ്യാത്ത കോട്ടയം, പത്തനംതിട്ട, ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ സബ്-നാഷണൽ സർട്ടിഫിക്കേഷന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

❖ 11 ജില്ലകൾ മന്ത് രോഗ നിവാരണത്തിനുള്ള അർഹത കൈവരിച്ചു.

❖ മന്ത് രോഗ പ്രതിരോധത്തിനായുള്ള MDA (മാസ്സ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ) പൂർത്തീകരിച്ചതിനു ശേഷം മലപ്പുറം, പാലക്കാട് ജില്ലകളിൽ മൈക്രോഫൈലേറിയ സർവേയും Transmission Assessment Survey പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

❖ മന്ത് രോഗ നിവാരണ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആയുഷ് വകുപ്പ്, വിവിധ സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ എന്നിവയുമായുള്ള സഹകരണം ഉറപ്പാക്കി വരുന്നു.

❖ കാലാ അസാർ രോഗ നിവാരണവുമായി ബന്ധപ്പെട്ട് കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും സുസ്ഥിരവികസന ലക്ഷ്യങ്ങൾ പ്രകാരമുള്ള ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. ഈ നേട്ടങ്ങൾ നിലനിർത്തുവാനും രോഗനിരീക്ഷണത്തിനുമായുള്ള പരിശീലനങ്ങൾ നൽകി വരുന്നുണ്ട്.

❖ പാലക്കാട് ഒഴികെയുള്ള ജില്ലകൾ കാലാ അസാർ നിവാരണത്തിനുള്ള അർഹത കൈവരിച്ചിട്ടുണ്ട്.

❖ കുഷ്ഠരോഗികളെ കണ്ടെത്തുന്നതിനുള്ള Leprosy Case Detection Campaign (LCDC) ക്യാമ്പയിൻ 2025 ഫെബ്രുവരി മാസത്തിൽ എല്ലാ ജില്ലകളിലും നടന്നു.

❖ കുഷ്ഠരോഗികളുമായി സമ്പർക്കത്തിലുള്ളവർക്കായുള്ള Post Exposure Prophylaxis സംസ്ഥാനത്ത് ആരംഭിച്ചു.

❖ മികച്ച ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾക്കുള്ള ദേശീയ പുരസ്കാരം കേരളത്തിന് ലഭിച്ചു. 2024 ഡിസംബർ 7 മുതൽ 2025 മാർച്ച് 7 വരെ നടന്ന ക്ഷയരോഗ നിവാരണ പദ്ധതിയുടെ 100 ദിനകർമ്മ പരിപാടിയിൽ പരമാവധി നാറ്റ് ടെസ്റ്റ് ചെയ്തതിനുള്ള പുരസ്കാരമാണ് സംസ്ഥാനത്തിന് ലഭിച്ചത്. 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി വിപുലമായ ക്യാമ്പയിനാണ് ആരോഗ്യ വകുപ്പ് സംഘടിപ്പിച്ചത്.

❖ 131 ഗ്രാമ പഞ്ചായത്തുകളും 7 മുനിസിപ്പാലിറ്റികളും ഉൾപ്പെടെ 138 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്ഷയരോഗ മുക്ത പഞ്ചായത്ത് അവാർഡിന് അർഹത നേടി.

❖ വയനാട്, ഇടുക്കി ജില്ലകളിലെ പകുതിയിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ക്ഷയരോഗമുക്ത പദവിക്ക് അർഹത നേടിയിട്ടുണ്ട്.

❖ 2022 ലെ റിപ്പോർട്ട് പ്രകാരം ക്ഷയരോഗം മൂലമുള്ള ഏറ്റവും കുറഞ്ഞ വാർഷിക മരണനിരക്കിൽ രാജ്യത്ത് അഞ്ചാം സ്ഥാനത്താണ് കേരളം.

❖ വാർഷിക ആരോഗ്യ പരിശോധനയുടെ ഭാഗമായി ശൈലി രണ്ടാം ഘട്ട സർവേയിൽ ക്ഷയരോഗ

സാധ്യതയുള്ളവരെ കണ്ടെത്തി തുടർപരിശോധന ലഭ്യമാക്കുന്നുണ്ട്. ഇതോടൊപ്പം എല്ലാ ജില്ലകളിലും നാഷണൽ ട്യൂബർകുലോസിസ് എലിമിനേഷൻ പ്രോഗ്രാമിന്റെ (NTEP) ഭാഗമായുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

## 8) സാംക്രമിക രോഗനിയന്ത്രണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ (Infectious disease Infrastructure)

- ❖ ആദ്യഘട്ടമായി സംസ്ഥാനത്തെ 85 സ്ഥലങ്ങളിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.
- ❖ ഇതിൽ 55 സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയാവുകയും അതിൽ 49 സ്ഥലങ്ങളിൽ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

| നിലവിലെ അവസ്ഥ | എണ്ണം |
|---|---|
| ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്തവ | 88 |
| നിർമ്മാണം ആരംഭിച്ചവ | 85 |
| നിർമ്മാണം പൂർത്തിയായവ | 55 |
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നടന്നവ | 49 |
| നിർമ്മാണം പുരോഗമിക്കുന്നവ | 28 |
| തടസ്സങ്ങളുള്ള സ്ഥലങ്ങൾ | 3 |

## 9) ഹെൽത്തി ലൈഫ് ക്യാമ്പയിൻ

- ❖ ആരോഗ്യകരമായ ജീവിതശൈലി, മാനസികാരോഗ്യം, വെൽനെസ്സ് എന്നിവയ്ക്കായി ശീലവൽക്കരണം നടത്തുവാൻ ലക്ഷ്യമിട്ടുള്ള വിവിധ ക്യാമ്പയിനുകൾ ജില്ലകളിൽ നടന്നു വരുന്നു. പ്രമേഹവും രക്താതിമർദ്ദവും പിയർ ഗ്രൂപ്പ് ഇടപെടലുകളിലൂടെ നിയന്ത്രിക്കാനുള്ള Structured Lifestyle Modification ക്യാമ്പയിൻ സംസ്ഥാനത്തെ 603 ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ആരംഭിച്ചു.
- ❖ മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സമഗ്ര ക്യാൻസർ ജീവിതശൈലീ രോഗ നിയന്ത്രണ പരിപാടിയായ "ആരോഗ്യഭേരി" നല്ല രീതിയിൽ പുരോഗമിക്കുന്നു. മലപ്പുറം ജില്ലയെ സമ്പൂർണ്ണ ആരോഗ്യ സുരക്ഷിത ജില്ലയാക്കുക, സമ്പൂർണ്ണ ക്യാൻസർ നിയന്ത്രിത ജില്ലയാക്കുക, സമ്പൂർണ്ണ ജീവിതശൈലീ രോഗ നിർണയ/നിയന്ത്രിത ജില്ലയാക്കുക, ആധുനിക രോഗനിർണയത്തിലും ക്യാൻസർ-ജീവിതശൈലീ രോഗങ്ങൾ എന്നിവയുടെ ചികിത്സാ സംവിധാനങ്ങളിലും സ്വയം പര്യാപ്ത ജില്ലയാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.
- ❖ കോഴിക്കോട് ജില്ലയിൽ സമഗ്ര ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ "ജീവതാളം" ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നു. ക്യാമ്പയിന്റെ ഭാഗമായി ആരോഗ്യകരമായ ഭക്ഷണരീതിയും ഭക്ഷണ സംസ്കാരവും പ്രോൽസാഹിപ്പിക്കുക, കൃഷി പ്രോൽസാഹിപ്പിക്കുക, വ്യായാമവും മറ്റ് ജീവിതശൈലീ മാറ്റങ്ങളും പ്രോൽസാഹിപ്പിക്കുക, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടന്നു.
- ❖ കോഴിക്കോട് ജില്ലയിൽ ഹരിതകേരള മിഷനും ആർദ്രം മിഷനും സംയുക്തമായി ഹരിതകർമ്മസേന അംഗങ്ങൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പ് 2023 നവംബർ മാസത്തിൽ ആരംഭിച്ചു.
- ❖ ജലജന്യ രോഗ പ്രതിരോധത്തിനായുള്ള "ശുദ്ധം കുടിനീർ", എലിപ്പനി പ്രതിരോധത്തിനുള്ള "മൃത്യുമജയം" എന്നീ ക്യാമ്പയിനുകളും കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നു.
- ❖ ഇടുക്കി ജില്ലയിൽ "ആരോഗ്യജീവനം" ഹെൽത്തി ലൈഫ് ക്യാമ്പയിൻ ദേവിയാർ കോളനി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചു.
- ❖ വയനാട് ജില്ലയിൽ ആർദ്രം മിഷന്റെ നേതൃത്വത്തിൽ വിദ്യാകിരണം, ഹരിതകേരളം മിഷനുകളുടെ സഹകരണത്തോടെ ആർദ്ര വിദ്യാലയം - ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന പേരിൽ വിദ്യാലയങ്ങളിൽ ആരോഗ്യകരമായ ഭക്ഷണശീലം, ലഹരി വർജ്ജനം, ശുചിത്വം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനുള്ള ക്യാമ്പയിൻ നടന്നു വരുന്നു.

- ❖ വയനാട് ജില്ലയിൽ ഹരിത കേരളം മിഷനും ആർദ്രം മിഷനും സംയുക്തമായി നടത്തുന്ന "ഹരിതം ആരോഗ്യം" ജില്ലാതല പരിപാടി ആരംഭിച്ചു. സംസ്ഥാനത്തെ മുഴുവൻ ഹരിത കർമ സേനാംഗങ്ങൾക്കും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി നടക്കുന്നത്. കൊല്ലം ജില്ലയിലും ഹരിത കർമ സേനാംഗങ്ങൾക്കുള്ള ആരോഗ്യ പരിശോധന ക്യാമ്പ് ആരംഭിച്ചു.
- ❖ ആരോഗ്യ സന്ദേശങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാനായി വീട്ടുമുറ്റ ആരോഗ്യസംവാദമായ "കോലായക്കൂട്ടം" എന്ന പരിപാടി കാസർഗോഡ് ജില്ലയിൽ നടന്നു വരുന്നു.

### 10) ഇന്റഗ്രേറ്റഡ് മെഡിസിനും ഗവേഷണവും (Integrated Medicine & Research)

- ❖ വിവിധ ഗവേഷണ സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും സഹകരണത്തോടെ ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ SHSRC യുടെ നേതൃത്വത്തിൽ നടന്ന് വരുന്നു.
- ❖ പകർച്ചവ്യാധി പ്രതിരോധം ജീവിതശൈലീ രോഗ പ്രതിരോധം, സാന്ത്വന പരിചരണം, മാനസികാരോഗ്യം, വയോജന ആരോഗ്യം മുതലായ മേഖലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ ആരോഗ്യ വകുപ്പിലെ ഗവേഷണ പദ്ധതികൾക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് SHSRC യിൽ എത്തിക്കൽ കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചു.
- ❖ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് (IAV), രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (RGCB), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി (NIV), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജീനോമിക്സ് ആൻഡ് ഇന്റഗ്രേറ്റീവ് ബയോളജി (IGIB) തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.
- ❖ സംസ്ഥാനത്തെ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, അക്കാദമികവും മെഡിക്കൽ ഗവേഷണപരവുമായ പ്രവർത്തനങ്ങൾ നടത്തുക, നയരൂപീകരണത്തിന് സർക്കാരിനെ സഹായിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻ നിർത്തിക്കൊണ്ട് സംസ്ഥാനത്ത് സെന്റർ ഫോർ ഡിസീസ് കൺട്രോൾ - കേരള (CDC -K) പ്രവർത്തനം ആരംഭിച്ചു.
- ❖ കേരളത്തിൽ ഒന്നിലധികം തവണ നിപ രോഗ ബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള പ്രത്യേക സാഹചര്യവും, നിപയും പക്ഷിപ്പനിയും ഉൾപ്പെടെ മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളുടെ വ്യാപനവും കണക്കിലെടുത്ത്, ഇത്തരം മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളെപ്പറ്റി ഏകാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ഗവേഷണ സ്ഥാപനങ്ങളുമായും സർക്കാർ വകുപ്പുകളുമായും യോജിച്ചുകൊണ്ട് പഠന ഗവേഷണ പ്രവർത്തനങ്ങൾ നടത്തുക, ഇത്തരം രോഗങ്ങൾക്കെതിരെ സാമൂഹിക പ്രതിരോധം വളർത്തുക തുടങ്ങിയവയ്ക്ക് നേതൃത്വം നൽകുന്നതിനായി കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് & റസിലിയൻസ് എന്ന സ്ഥാപനം കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവർത്തനം ആരംഭിച്ചു.
- ❖ ആയുർവേദത്തിലെ അറിവുകളെ നൂതന – ജൈവ- സാങ്കേതിക വിദ്യകളുടെ വെളിച്ചത്തിൽ വിശാലമായ പഠന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കൂടുതൽ തെളിവധിഷ്ഠിതമാക്കി പൊതുജനാരോഗ്യ രംഗത്ത് ഏറ്റവും കാര്യക്ഷമമായി ഉപയോഗിക്കുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടി, കിഫ്ബിയുടെ സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി, കണ്ണൂരിൽ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം (IRIA) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
- ❖ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്, സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത്, ആരോഗ്യ സർവ്വകലാശാല, എസ്.എച്ച്.എസ്.ആർ.സി, എസ്.ബി.എം.ആർ തുടങ്ങിയ സ്ഥാപനങ്ങളുടെ മേധാവികളുമായി ആരോഗ്യമേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് യോഗം ചേരുകയും ഇത് സംബന്ധിച്ച് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് നിർദ്ദേശം

നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നുണ്ട്.

- ❖ കോഡ് ഗ്രേ പ്രോട്ടോക്കോളുമായി ബന്ധപ്പെട്ട് പ്രാഥമിക യോഗങ്ങൾ സംഘടിപ്പിക്കുകയും കോഡ് ഗ്രേ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന-തല റിസോഴ്സ് ഗ്രൂപ്പിലെ അംഗങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തു. ഈ അംഗങ്ങളുടെ കരട് പട്ടിക തുടർ അവലോകനത്തിനായി തയ്യാറാക്കിയിട്ടുണ്ട്.
- ❖ നിലവിൽ SHSRC യുടെ ആഭിമുഖ്യത്തിൽ 50 ഓളം ഗവേഷണങ്ങൾ നടന്നു വരുന്നു. ഇതിൽ 27 എണ്ണത്തിന്റെ റിപ്പോർട്ട് പൂർത്തിയായി, 7 എണ്ണത്തിന്റെ ഡാറ്റാ അനാലിസിസ് പുരോഗമിക്കുന്നു, 8 എണ്ണത്തിന്റെ വിവരശേഖരണം പൂർത്തിയായി. മറ്റുള്ളവ വിവരശേഖരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇത് കൂടാതെ ഐ.സി.എം.ആർ-ന്റെ ധനസഹായത്തോടെ 7 ഗവേഷണങ്ങളും KSACS/NACO യുടെ ധനസഹായത്തോടെ ഗവേഷണങ്ങളും നടന്നു വരുന്നു.

# മോണിറ്ററിങ് & ഇവാല്യുവേഷൻ

- ❖ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിത കേരളം മിഷൻ, ലൈഫ് മിഷൻ എന്നിവയുടെ സംസ്ഥാനതല അവലോകന യോഗ നിർദേശപ്രകാരം രണ്ടു മാസത്തിലൊരിക്കൽ കളക്ടർമാർ നേരിട്ടു ജില്ലാതല ഉദ്യോഗസ്ഥരുടെ അവലോകന യോഗം വിളിച്ചു ചേർക്കേണ്ടതുണ്ട് .
- ❖ നവകേരളം കർമപദ്ധതിയിൽ ഉൾപ്പെട്ട വിവിധ മിഷനുകളുടെ പദ്ധതികൾ അതാത് മിഷൻ തലത്തിൽ നിലവിൽ അവലോകനം നടത്തുന്നുണ്ട്. ഹരിത കേരളം മിഷൻ നടപ്പിലാക്കുന്നതും ഭാഗഭാക്കാവുന്നതുമായ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ഓരോ മാസവും നടത്തുന്നുണ്ട്.
- ❖ മറ്റു മിഷനുകളുടെ പദ്ധതികൾ അതാത് മിഷനുകൾ അവലോകനം നടത്തുന്നുണ്ട്. ഈ മിഷനുകളുടെ റിപ്പോർട്ടുകൾ പ്രതിമാസ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാ മാസവും എല്ലാ ജില്ലകളിലും ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നീ മിഷനുകളുടെ ജില്ലാ കോർഡിനേറ്റർമാർ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

## മേയ് മാസത്തെ പ്രവർത്തനങ്ങൾ

- ❖ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 1983 യോഗങ്ങൾ മേയ് മാസം നടന്നിട്ടുണ്ട്.
- ❖ ഒരു തൈ നടാം ക്യാമ്പയിനായി 714 യോഗങ്ങളും പച്ചത്തുരുത്തിനായി 313 യോഗങ്ങളും ഹരിത ഗ്രന്ഥശാലയ്കയി 157 യോഗങ്ങളും,ഹരിത ടൂറിസത്തിനായി 34 യോഗങ്ങളും, ഇനി ഞാനൊഴുകട്ടെ മൂന്നാം ഘട്ടത്തിനായി 109 യോഗങ്ങളും,ജലബജറ്റിനായി 91 യോഗങ്ങളും, നെറ്റ് സീറോ പ്രവർത്തനങ്ങൾക്കായി 53 യോഗങ്ങളും, കൃഷി മേഖലയുമായി ബന്ധപ്പെട്ട് 42 യോഗങ്ങളും കൂടിയതാണ് ഇതിൽ പ്രധാനം.
- ❖ വിവിധ യോഗങ്ങളിൽ 6276 ജനപ്രതിനിധികളും 9488 ഉദ്യോഗസ്ഥരും, 10778 സാങ്കേതിക പ്രവർത്തകരും ഉൾപ്പെടെ ആകെ 26542 പേർ മേയ് മാസത്തിൽ പങ്കെടുത്തിട്ടുണ്ട്.
- ❖ വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി ഹരിത കേരളം മിഷൻ 17 ശിൽപ്പശാലകൾ നടത്തുകയും ആയതിൽ 1019 പേർ പങ്കെടുക്കുകയും ചെയ്തു.
- ❖ ഹരിത കേരളം മിഷൻ 8 പരിശീലനങ്ങൾ മേയ് മാസത്തിൽ നടത്തിയിട്ടുണ്ട്. ഈ പരിശീലനങ്ങളിൽ 236 പേർ പങ്കെടുത്തിട്ടുണ്ട്.
- ❖ ജനകീയമായ പ്രവർത്തങ്ങൾ നടത്തുന്നതിന്റെ ഭാഗമായി സന്നദ്ധ പ്രവർത്തനങ്ങൾ മേയ് മാസം നടന്നിട്ടുണ്ട്. കാമ്പയിനുമായി ബന്ധപ്പെട്ടാണ് ഇതിൽ 1360 സന്നദ്ധ പ്രവർത്തങ്ങളും നടന്നിട്ടുള്ളത്.
- ❖ വിവിധ മിഷൻ പ്രവർത്തനങ്ങൾക്കായി മേയ് മാസത്തിൽ 17322 ഫീൽഡ് തല ഇടപെടലുകൾ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയിട്ടുണ്ട്. 73638 പേരുടെ ജനപങ്കാളിത്തം നാടിന്റെ വികസന പ്രവർത്തങ്ങൾക്കായി ഫെബ്രുവരി മാസത്തിൽ വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

| ഹരിതകേരളം മിഷൻ പദ്ധതികളുടെ പ്രവർത്തനങ്ങളുടെ സംഗ്രഹം 2025 മേയ് മാസം | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | നടന്ന യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | | | |
| സ്കീം / പ്രവർത്തിയുടെ പേര് | നടന്ന യോഗം (എണ്ണം) | ജന പ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | നടന്ന സന്നദ്ധ പ്രവർത്തനങ്ങളുടെ എണ്ണം | നടന്ന പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| **മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ** | | | | | | | | | | | | |
| ഹരിതവിദ്യാലയം, ഹരിത കലാലയം | 54 | 157 | 143 | 103 | 403 | 0 | 0 | 0 | 0 | 204 | 48 | 459 |
| ഹരിത ഓഫീസ് | 57 | 150 | 149 | 160 | 459 | 0 | 0 | 1 | 32 | 268 | 5 | 348 |
| ഹരിത ടൂറിസം | 34 | 93 | 159 | 174 | 426 | 0 | 0 | 0 | 0 | 156 | 17 | 244 |
| ഹരിതടൗണുകൾ, പൊതുസ്ഥലങ്ങൾ | 30 | 67 | 85 | 225 | 377 | 0 | 0 | 0 | 0 | 357 | 183 | 4195 |
| ഹരിത ഗ്രന്ഥശാല | 157 | 194 | 148 | 1044 | 1386 | 1 | 17 | 1 | 29 | 669 | 68 | 1288 |
| റെസിഡന്റ്സ് അസോസിയേഷൻ | 18 | 24 | 33 | 294 | 351 | 0 | 0 | 0 | 0 | 138 | 12 | 124 |
| വനമേഖലയിലെ മാലിന്യ പരിപാലനം | 5 | 32 | 28 | 102 | 162 | 0 | 0 | 0 | 0 | 219 | 2 | 60 |
| ഇനി ഞാനൊഴുകട്ടെ മൂന്നാം ഘട്ടം | 109 | 365 | 383 | 1222 | 1970 | 0 | 0 | 0 | 0 | 2386 | 746 | 13068 |
| ഹരിത KSRTC. | 18 | 12 | 92 | 41 | 145 | 0 | 0 | 0 | 0 | 48 | 11 | 298 |
| ഗ്രീൻപ്രോട്ടോക്കോൾ | 33 | 102 | 196 | 404 | 702 | 3 | 28 | 1 | 49 | 228 | 73 | 27801 |
| മറ്റ് പ്രവർത്തനങ്ങൾ | 61 | 459 | 816 | 428 | 1703 | 0 | 0 | 0 | 0 | 387 | 22 | 4971 |
| **ജലസംരക്ഷണ പ്രവർത്തനങ്ങൾ** | | | | | | | | | | | | |
| മാപത്തോൺ | 1 | 2 | 20 | 5 | 27 | 1 | 5 | 2 | 31 | 354 | 0 | 534 |
| ജല ബജറ്റ് | 91 | 193 | 215 | 181 | 589 | 6 | 572 | 0 | 0 | 3477 | 2 | 146 |
| നീരുറവു | 26 | 137 | 120 | 178 | 435 | 0 | 0 | 0 | 0 | 267 | 7 | 182 |
| സാങ്കേതിക സമിതിയോഗം | 39 | 191 | 226 | 67 | 484 | 0 | 0 | 0 | 0 | 106 | 6 | 165 |
| പാറക്വാറി പ്രവർത്തനങ്ങൾ | 11 | 31 | 41 | 30 | 102 | 0 | 0 | 0 | 0 | 43 | 0 | 23 |
| ജലഗുണനിലവാര ലാബ് | 18 | 39 | 55 | 33 | 127 | 0 | 0 | 0 | 0 | 307 | 0 | 226 |
| **കൃഷി-പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | | | | | | | | | | |
| ഹരിത സമൃദ്ധി വാർഡ്/ തരിശു രഹിത ഗ്രാമം | 42 | 118 | 147 | 196 | 461 | 0 | 0 | 0 | 0 | 140 | 18 | 506 |
| പച്ചത്തുരുത്തു | 313 | 804 | 878 | 659 | 2341 | 1 | 65 | 0 | 0 | 4168 | 33 | 1524 |
| തെങ്ങിന് തടം മണ്ണിന് ജലം | 2 | 24 | 16 | 42 | 82 | 0 | 0 | 0 | 0 | 35 | 2 | 83 |
| ഒരു തൈ നടാം ക്യാമ്പയിൻ | 714 | 2229 | 3751 | 4469 | 10449 | 1 | 52 | 1 | 26 | 2329 | 69 | 2555 |
| നെറ്റ് സീറോ കാർബൺ | 53 | 99 | 330 | 271 | 700 | 3 | 230 | 2 | 69 | 710 | 10 | 1105 |
| കോർഗ്രൂപ് യോഗം | 14 | 37 | 58 | 71 | 166 | 0 | 0 | 0 | 0 | 151 | 1 | 72 |
| **മറ്റ് പ്രവർത്തനങ്ങൾ** | | | | | | | | | | | | |
| തനതു പ്രവർത്തനം | 19 | 124 | 816 | 298 | 1238 | 1 | 50 | 0 | 0 | 175 | 25 | 13661 |
| കളക്ടറുടെ ജില്ലാ യോഗം | 4 | 1 | 59 | 6 | 66 | | | | | | | |
| ജില്ലാ മിഷൻ യോഗം | 1 | 48 | 56 | 8 | 112 | | | | | | | |
| തദ്ദേശ മിഷൻ യോഗം | 59 | 544 | 468 | 67 | 1079 | | | | | | | |
| ആകെ | 1983 | 6276 | 9488 | 10778 | 26542 | 17 | 1019 | 8 | 236 | 17322 | 1360 | 73638 |